## സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം ചെയർ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. ഇന്ന് 23 സബ്മിഷനുണ്ട്. അതുകൊണ്ട് സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങളും അതിന് മറുപടി പറയുന്ന മന്ത്രിമാരും വളരെ കുറച്ച് സമയമെടുത്ത് പറയണമെന്ന് പ്രത്യേകം ചെയർ അഭ്യർത്ഥിക്കുന്നു.

### എയർ ഇൻഡ്യാ എക്സ്പ്രസ്സ് ആസ്ഥാനം

ശ്രീ. വി.ഡി. സതീശൻ : സർ, എയർ ഇൻഡ്യാ എക്സ്പ്രസ്സിന്റെ ആസ്ഥാനം കൊച്ചിയിൽനിന്ന് മാറ്റാൻ നടത്തുന്ന ശ്രമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഗൾഫ് മേഖലയിലുള്ള പ്രവാസി മലയാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമാണ് ഈ ബജറ്റ് എയർലൈൻ. എയർ ഇൻഡ്യാ എക്സ്പ്രസ്സിന്റെ 70 ശതമാനം പാസ്സഞ്ചേഴ്സും മലയാളികളാണ്. ആകെ 17 എയർ ക്രാഫ്റ്റ് എയർ ഇൻഡ്യാ എക്സ്പ്രസ്സിന് ഉള്ളതിൽ 15-ഉം ഓപ്പറേറ്റ് ചെയ്യുന്നത് കേരളത്തിൽനിന്നാണ്. എല്ലാ ക്യാബിൻ ക്രൂവിനെയും പോസ്റ്റ് ചെയ്തിരിക്കുന്നത് കേരളത്തിൽനിന്നാണ്. ബഹുമാനപ്പെട്ട വയലാർ രവി കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയായിരുന്ന സമയത്താണ് കൊച്ചിയിൽ ഇതിന്റെ ആസ്ഥാനം തുടക്കം കുറിച്ചത്. പക്ഷേ ഇതുവരെ ഒരു സ്റ്റാഫിനെപ്പോലും നിയമിച്ചിട്ടില്ല. എയർ ഇൻഡ്യയുടെ ഭാഗത്തുനിന്നും പ്രവാസി മലയാളികളെ ദ്രോഹിക്കുന്ന നിലപാടാണ് കഴിഞ്ഞ കുറേ നാളുകളായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗൾഫ് സെക്ടറിൽ ഇപ്പോഴും ഉയർന്ന ചാർജ്ജാണ് നിലനിൽക്കുന്നത്. ഒരു മാനദണ്ഡമോ മുന്നറിയിപ്പോ ഇല്ലാതെ സർവ്വീസുകൾ റദ്ദാക്കുന്നതുമൂലം പതിനായിരക്കണക്കിന് ആളുകളാണ് പ്രയാസപ്പെടുന്നത്. തുടർച്ചയായ സമരം മൂലം എയർ ഇൻഡ്യ സർവ്വീസ് റദ്ദാക്കുമ്പോൾ മറ്റ് എയർ ലൈനുകൾ വ്യാപകമായി ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. ഇത്തരം നടപടികൾകൊണ്ട്

എയർ ഇൻഡ്യയ്ക്ക് ഏറ്റവും കൂടുതൽ വരുമാനമുണ്ടാകുന്ന പ്രവാസി മലയാളികളെ മുഴുവൻ ദുരിതക്കടലിലേയ്ക്കാണ് തള്ളിവിടുന്നത്. വളരെ കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാൻ കഴിയുന്ന ബജറ്റ് എയർലൈനായ എയർ ഇൻഡ്യാ എക്സ്പ്രസ്സിന്റെ ആസ്ഥാനം കൂടി കേരളത്തിൽ നിന്ന് മാറുന്നതോടുകൂടി അതുതന്നെ താരതമ്യേന ഇല്ലാതാക്കാനുള്ള ശ്രമ മുണ്ടാകും. സംസ്ഥാന ഗവൺമെന്റ് എയർ ലൈൻ തുടങ്ങാൻ ആലോചി ക്കുന്നതിന്റെ പശ്ചാത്തലത്തിൽ എയർ ഇൻഡ്യാ എക്സ്പ്രസ്സ് കൂടി ഏറ്റെ ടുക്കുന്നതിനു തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. എയർ ഇൻഡ്യയുടെ നിലപാടി നോട് സംസ്ഥാന ഗവൺമെന്റിന് ഒരു വിധത്തിലും യോജിക്കാൻ നിവൃ ത്തിയില്ല. എയർ ഇൻഡ്യ നമ്മുടെ ദേശീയ എയർലൈനാണ്. ഈ ദേശീയ എയർലൈൻ ഇൻഡ്യയ്ക്ക് ഏറ്റവുമധികം വിദേശ നാണ്യം നേടിത്തരുന്ന വിദേശ മലയാളികളോട്, വിദേശ ഇൻഡ്യാക്കാരോട് ഏറ്റവും നല്ല പെരു മാറ്റം നടത്തേണ്ടവരാണ്. പക്ഷേ നിർഭാഗ്യവശാൽ അതിൽനിന്നും വ്യത്യ സ്തമായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. എയർ ഇൻഡ്യാ എക്സ്പ്ര സ്സിന്റെ ആസ്ഥാനം 27-02-2011 മുതൽ കേരളത്തിലേയ്ക്ക് മാറ്റി. പക്ഷേ ഇപ്പോൾ തിരിച്ചുകൊണ്ടുപോകാൻ പോകുന്നു എന്ന പത്രവാർത്തകൾ കണ്ടു, ഗവൺമെന്റിനെ ഒന്നും അറിയിച്ചിട്ടില്ല. തുടർച്ചയായി സർവ്വീസു കൾ റദ്ദാക്കുക, അമിതമായി ചാർജ്ജ് ഈടാക്കുക, മലയാളികളുടെ പല ആവശ്യങ്ങളോടും മുഖം തിരിഞ്ഞു നിൽക്കുന്ന നിലപാട് സ്വീകരിക്കുക ഇതെല്ലാം ഏറ്റവും പ്രതിഷേധാർഹമായ കാര്യങ്ങളാണ്. ഈ വിവരം കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. ബഹുമാ നപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരം ഒരിക്കൽക്കൂടി അവിടെ അറിയിക്കും. എയർ ഇൻഡ്യയുടെ ഭാഗത്തുനിന്ന് വേണ്ടത്ര സഹകരണം കിട്ടാതെ വന്ന സമയത്താണ് സംസ്ഥാന ഗവൺമെന്റ് ഏയർ കേരള എന്ന നിർദ്ദേശം

മുന്നോട്ടു വച്ചത്. നമ്മൾ പ്രത്യേക കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിന്റെ നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കിയിരിക്കുകയാണ്. പക്ഷേ ഗവൺമെന്റ് ഓഫ് ഇൻഡ്യ രണ്ട് തടസ്സങ്ങൾ പറഞ്ഞു. ഒന്ന്, 20 വിമാനങ്ങളുള്ള കമ്പനിയെ മാത്രമേ വിദേശ സർവ്വീസ് നടത്താൻ അനുവദിക്കുകയുള്ളു. രണ്ട്, ആഭ്യന്തര സർവ്വീസ് നടത്തി അഞ്ച് വർഷത്തെ പരിചയമുള്ളവർക്ക് മാത്രമേ അനുവദിക്കുകയുള്ളു. ഈ രണ്ട് ക്ലോസ് സാധാരണ കമ്പനികൾക്ക് വച്ച വ്യവസ്ഥകളാണ്. അത് ബാധകമാക്കിയാൽ നമുക്ക് തരാൻ സാധിക്കില്ല. നമ്മുടെ കേസ്സ്, ഇത് സാധാരണ കമ്പനിയായി കണക്കാക്കരുത്. എയർ ഇൻഡ്യാ എക്സ്പ്രസ്സ് തുടങ്ങിയത് കമ്പനി ഫോം ചെയ്ത് അഞ്ചുകൊല്ലം കാത്തിരിക്കാതെയാണ്. അവർക്ക് ആറ് മാസത്തിനകം അനുമതി കിട്ടി. അതുപോലെ എയർ ഇൻഡ്യാ എക്സ്പ്രസ്സിന് 20 വിമാനങ്ങൾ വന്ന ശേഷമല്ല അനുമതി കിട്ടിയത്. ആദ്യം ഒരു വിമാനം വന്നപ്പോൾ സർവ്വീസ് നടത്താൻ അനുവാദം കൊടുത്തു. ഇന്ത്യാ ഗവൺമെന്റിന്റെ അധീനതയിലുള്ള ഒരു കമ്പനിയെന്ന നിലയിൽ ഒരു  പ്രത്യേക പരിഗണന അവർക്ക് കൊടുക്കുകയുണ്ടായി. ഇന്ത്യാ രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാർ ഇങ്ങനെയൊരു ആവശ്യവുമായി സമീപിച്ചത്.  അന്ന് അതുപോലുള്ള ഒരു സമീപനമെടുക്കേണ്ടതായിരുന്നു, എടുത്തില്ല;  അതിൽ പ്രതിഷേധം അന്നുതന്നെ പ്രകടിപ്പിച്ചതുമാണ്. പുതിയ ആശയം ഉയർന്നുവരികയാണെങ്കിൽ വീണ്ടും ഇതിന് അംഗീകാരം തരണം എന്നുള്ള ആവശ്യവുമായി മുമ്പോട്ടുപോകും.  ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുമെന്ന് ഉറപ്പു നൽകുന്നു.

**കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ മലയാളികളുടെ മോചനം**

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സോമാലിയൻ കടൽക്കൊള്ളക്കാർ കപ്പൽ റാഞ്ചിക്കൊണ്ടുപോകുകയും നിരവധി ആളുകളെ തടവിൽ പാർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ദൗർഭാഗ്യവശാൽ കുറേ മലയാളികളും കടൽക്കൊള്ളക്കാരുടെ പിടിയിൽപ്പെടുകയും തടവറയിൽ കഴിയുകയും ചെയ്യുകയാണ്. ഇത് വളരെ നാളുകളായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഈ കടൽക്കൊള്ളക്കാർക്ക് പണം വേണം; ഇന്ത്യൻ ജയിലിൽ കഴിയുന്ന അവരുടെ കൂട്ടാളികളായിട്ടുള്ളവരെ വിട്ടുതരണമെന്നൊക്കെയാണ് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ പല കപ്പലുകളും സോമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോകാൻ തുടങ്ങിയിട്ടുണ്ട്. 2012 മാർച്ച് മാസം രണ്ടാം തീയതി നൈജീരിയൻ കപ്പലായ റോയൽ ഗ്രെയ്സ് സോമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി. അതിൽ അഞ്ചോളം മലയാളികളുണ്ടായിരുന്നു. അവരൊക്കെ ഇപ്പോൾ തടവറയിൽ കഴിഞ്ഞുവരികയാണ്. ഇരിഞ്ഞാലക്കുടയിലെ മംഗലത്ത് വിൻസെന്റിന്റെ മകൻ സ്റ്റാൻലി വിൻസെന്റ്, അരങ്ങത്തുപറമ്പിൽ ഡേവിസിന്റെ മകൻ ഡിബിൻ ഡേവിസ് എന്നീ 2 ചെറുപ്പക്കാരും ഈ കൂട്ടത്തിലുണ്ടെന്നുള്ളതും ഞാൻ ഈ സന്ദർഭത്തിൽ എടുത്തുപറയുകയാണ്. ഇവരുടെ കുടുംബങ്ങളിൽ ഞാൻ പല പ്രാവശ്യം നേരിട്ടു പോയിട്ടുണ്ട്. നാലഞ്ച് മാസമായി ഇവരുടെ കുടുംബം ദു:ഖത്താൽ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ഒരു മാസം മുൻപുവരെ അവർ വീടുകളിൽ ഫോൺവിളിക്കുകയും പട്ടിണിയിലും കഷ്ടപ്പാടിലാണെന്നും പറഞ്ഞിരുന്നു. ഇപ്പോൾ ഒരു മാസത്തോളമായിട്ട് ഫോൺവിളി പോലുമില്ല. ഇവരൊക്കെ ജീവിച്ചിരിപ്പുണ്ടോയെന്നുപോലും അറിയാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈയൊരു മാനസികാവസ്ഥയിൽ കഴിയുന്ന

കുടുംബങ്ങളുടെ മാനസികാവസ്ഥ മനസ്സിലാക്കി സർക്കാർ അടിയന്തിരമായി ഇതിന് പരിഹാരം ഉണ്ടാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് നേരിട്ടറിയാവുന്ന ഒരു വ്യക്തി കൂടിയാണ് ഞാൻ. പലവട്ടം അദ്ദേഹം ഈ കാര്യവുമായി ബന്ധപ്പെട്ട് പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട് എങ്കിലും തുടർന്നും അടിയന്തരമായി ഈ കാര്യത്തിൽ ഇടപെട്ട് തടവിൽ കഴിയുന്ന ആളുകളെ വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗംപറഞ്ഞ ഡിബിൻ ഡേവിസ്, സ്റ്റാൻലി വിൻസെന്റ് തുടങ്ങിയ രണ്ട് പേർ സോമാലിയൻ കൊള്ളക്കാരുടെ പിടിയിലായിട്ട് നാല് മാസം കഴിഞ്ഞിരിക്കുകയാണ്. സോമാലിയൻ കൊള്ളക്കാരുടെ ആദ്യം പിടിയിലായ മലയാളികളിൽ രണ്ട് കൊല്ലംവരെയായിട്ടുള്ള ആളുകളുണ്ട്. ശ്രീ. മുല്ലക്കര രത്നാകരൻ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. ഇന്ത്യാക്കാരുടെ മൊത്തം കണക്ക് നോക്കുമ്പോൾ വളരെയധികം ആളുകൾ ഇവരുടെ തടവിൽ കഴിയുന്നുണ്ട്. ഓരോ പ്രശ്നം വരുന്ന സമയത്തും ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയടക്കമുള്ള കേന്ദ്രത്തിലെ ഭരണാധികാരികളുമായി നേരിട്ട് ഈ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇവരെ മോചിപ്പിക്കണം; മോചിപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റിനുള്ള പരിമിതികൾ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ഇവരെ മോചിപ്പിക്കുന്നതിന് സഹായകരമായ സംഗതികൾ വച്ചുകൊണ്ട് വ്യക്തമായ ഒരു നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് മുമ്പോട്ടുവച്ചിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. സോമാലിയൻ കടൽക്കൊള്ളക്കാരായ കുറേ പേരെ നമ്മളും കസ്റ്റഡിയിൽ വച്ചിട്ടുണ്ട്. നമ്മുടെ ആളുകളും അവരുടെ കസ്റ്റഡിയിലും ഇരിക്കുകയാണ്. ഒരിക്കലും അവരെ അതിൽനിന്നും രക്ഷിക്കാൻ നമുക്ക് സാധിക്കാത്ത വിധത്തിലുള്ള സാഹചര്യങ്ങളാണ് ഇന്ന് വന്നിട്ടുള

ളത്. അതുകൊണ്ട് ഇവരെ മോചിപ്പിക്കാൻ ആവശ്യമായ വ്യവസ്ഥകൾ അംഗീകരിക്കണം എന്ന് ആവശ്യപ്പെട്ടു; കേന്ദ്ര ഗവൺമെന്റ് ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ വച്ചു. അവരൊരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ വച്ചു. ഈ രണ്ടുകമ്മിറ്റികളുടേയും ശുപാർശ കേന്ദ്ര ക്യാബിനറ്റിലേയ്ക്ക് വന്നിരിക്കുകയാണ്. അതുസംബന്ധിച്ചുള്ള തീരുമാനം ഉടനെയുണ്ടാകും. ഇവരെ എത്രയുംവേഗം മോചിപ്പിക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണുള്ളത്. ഇവരുടെ കുടുംബാംഗങ്ങൾ അനുഭവിക്കുന്ന വേദനയും ആശങ്കയും ഉത്കണ്ഠയും പൂർണ്ണമായും നേരിട്ട് അറിയാവുന്ന കാര്യമാണ്. എങ്ങനേയും ഇതിനൊരു തീരുമാനമുണ്ടാക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

**സബ് കോടതി**

ശ്രീ. കെ. രാജു: സർ, ഗവൺമെന്റ് അംഗീകരിച്ചതും ഹൈക്കോടതി അംഗീകരിച്ച ലിസ്റ്റിൽ പെട്ടിട്ടുള്ളതുമായ പുനലൂരിലെ സബ് കോടതിയുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ വർഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതായിരുന്നു. അടിസ്ഥാനസൗകര്യങ്ങൾ ബാർ കൗൺസിലും നഗരസഭയും ചേർന്ന് ചെയ്തുകൊടുക്കാൻ തയ്യാറാണ്. ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. ലോവർ കോടതികളുടെ പ്രവർത്തനം സംബന്ധിച്ച് അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുക്കണം. പുനലൂരിൽ തന്നെ 3 മജിസ്ട്രേറ്റ് കോടതികളുള്ളതിൽ ഒരു മജിസ്ട്രേട്ട് കോടതി മാത്രമാണ് പ്രവർത്തിക്കുന്നത്. ബാക്കി രണ്ടിടത്തും ഇപ്പോൾ മജിസ്ട്രേട്ടുമാർ ഇല്ല. കേസ്സുകളുടെ എണ്ണം കൂടിയിരിക്കുന്ന സാഹചര്യത്തിൽ ഈ കോടതിയിൽ വരുന്ന കക്ഷികൾക്ക് ഇരിക്കാനാവശ്യമായ അടിസ്ഥാനസൗകര്യം പോലുമില്ലാത്ത സ്ഥിതിയാണുള്ളത്. ലോവർ കോടതികളുടെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള സർക്കാരിന്റെ ബാദ്ധ്യത നിർവ്വഹിക്കണം. പുനലൂർ സബ് കോടതിയുടെ പ്രവർത്തനം ആരംഭിക്കണം. അച്ചൻകോവിലിലും ആര്യങ്കാവിലുമൊക്കെയുള്ളവരുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. കൊട്ടാരക്കരയിലെ സബ് കോടതിയിൽ എത്താൻ 70 കിലോമീറ്റർ ദൂരം വരെ സഞ്ചരിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഏറ്റവും കൂടുതൽ കേസ്സുകൾ പെൻഡിംഗുള്ള ഒരു സ്ഥലംകൂടിയാണ് പത്തനാംപുരം താലൂക്ക്. താലൂക്കിന്റെ ആസ്ഥാനമായ പുനലൂരിൽ സബ് കോടതി അടിയന്തരിമായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പുനലൂർ സബ് കോടതി ഹൈക്കോടതി ശുപാർശയുടെ മുൻഗണനാക്രമത്തിൽ മൂന്നാമതായിട്ടാണ് വരുന്നത്. ഈ മുൻഗണനാക്രമം പൂർണ്ണമായും പാലിക്കണമെന്ന് ഹൈക്കോടതി നിഷ്ക്കർഷിക്കുന്നുണ്ട്. മുൻഗണനാക്രമത്തിൽ ഒന്നാമത്തേത് സബ് കോർട്ട് ദേവികുളം; രണ്ടാമത്തേത് സബ് കോർട്ട് ചാവക്കാട്; മൂന്നാമത്തേത് പുനലൂർ സബ് കോർട്ട് എന്നിങ്ങനെയാണ്. അപ്പോൾ മറ്റ് രണ്ട് കോടതികളുടേതും എടുത്താൽ മാത്രമേ പുനലൂരിലേത് എടുക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് പറഞ്ഞ പ്രത്യേക പരിഗണനകളൊക്കെ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. അതുകൊണ്ട് മറ്റ് രണ്ട് കോടതികളുടേയും കാര്യം എടുത്തതിനുശേഷം മൂന്നാമതായേ പുനലൂരിനെ എടുക്കാൻ സാധിക്കുകയുള്ളൂ. ഏതായിരുന്നാലും ഇത് പ്രത്യേകമായും സർക്കാരിന്റെ ശ്രദ്ധയിലുണ്ട്, പരിഗണിക്കുന്നതായിരിക്കും.

**കുടിയിറക്ക് ഭീഷണി**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ കർഷകർ നേരിടുന്ന വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിൽ ഉൾപ്പെട്ട തട്ടേക്കണ്ണി, കരിമ്പൻ, അട്ടിക്കളം, മണിപ്പാറ, കുട്ടപ്പൻ സിറ്റി, തങ്കപ്പൻ സിറ്റി എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകർ ഇന്ന് കുടിയിറക്ക് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഇവരെല്ലാം വനം കയ്യേറിയിരിക്കുന്നുവെന്ന് ആരോപിച്ചിട്ടുണ്ട്. 1-1-1977-ന് മുമ്പുമുതൽ അവിടെ കൈവശം വച്ച് കൃഷി ചെയ്തുവരുന്ന കർഷകരാണ് ഇവരെല്ലാവരും. അതുകൊണ്ട് ഈ നടപടിയെ സംബന്ധിച്ചിടത്തോളം വലിയൊരു ആശങ്ക രൂപപ്പെട്ടിരിക്കുകയാണ്. 1-1-77-ന് മുമ്പ് കൃഷി ചെയ്തുവരുന്നതും വനംവകുപ്പ് വനഭൂമിയായി ജണ്ട കെട്ടി തിരിച്ചിട്ടുള്ളതുമായ പ്രദേശമാണ്. അതേസമയം ഫോറസ്റ്റുകാർ ഏകപക്ഷീയമായി അവിടെയുള്ള ആളുകളുമായി ആലോചിക്കാതെ തയ്യാറാക്കിയ ലിസ്റ്റാണ് ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ളത്. രണ്ടുപ്രാവശ്യം കൂപ്പുവെട്ടി സർക്കാരിന് അവകാശപ്പെട്ട തടി കൊണ്ടുപോയിട്ടുള്ള പ്രദേശവുമാണ് മേൽപ്പടി പ്രദേശങ്ങൾ. എം.ജി.എൽ സ്കൂൾ, പഞ്ചായത്ത് പബ്ലിക് ലൈബ്രറി, എൽ.പി. സ്കൂൾ, പഞ്ചായത്ത് സാംസ്ക്കാരികനിലയം, കൃഷി വകുപ്പിന്റെ അഗ്രോ ക്ലീനിക് സെന്റർ, ക്രിസ്റ്റ്യൻ-ഹൈന്ദവ-മുസ്ലിം വിഭാഗങ്ങളുടെ ആരാധാനാലയങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രദേശങ്ങളിലുണ്ട്. ഈ സാഹചര്യത്തിൽ വനം വകുപ്പ് തെറ്റായി കൊടുത്തിട്ടുള്ള കുടിയൊഴിപ്പിക്കൽ ലിസ്റ്റ് പുന:പരിശോധിക്കുകയും അതുസംബന്ധിച്ച് വളരെ വിശദമായ ഒരു പഠനം നടത്തി 1-1-77-ന് മുമ്പ് കൈവശമുള്ള ഭൂമിയായ സ്ഥിതിക്ക് അവരുടെ സ്ഥിരതാമസത്തിന് ആവശ്യമായ നടപടി രൂപപ്പെടുത്തുകയും ചെയ്യണം. 2004-05-ൽ ഇതുപോലൊരു വിഷയം അവിടെ രൂപപ്പെട്ട സമ

യത്ത് അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട അങ്ങുതന്നെ അവിടെ നേരിട്ട് വരികയും ഈ വിഷയങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും അന്ന് കഞ്ഞിക്കുഴിയിൽ വച്ചുനടന്നൊരു മീറ്റിംഗിൽ ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ആവശ്യമെങ്കിൽ 600-ഓളം കുടുംബങ്ങൾ തട്ടേക്കണ്ണി ഭാഗത്തും 800-ൽ അധികം കുടുംബങ്ങൾ കരിമ്പൻ, മണിപ്പാറ ഭാഗത്തും അവരുടെ ഭൂമിയെ സംബന്ധിച്ച് സംരക്ഷണം ഉറപ്പുവരുത്തുമെന്നും ആവശ്യമെങ്കിൽ ഈ വിഷയത്തിൽ കൂടുതൽ ഇടപെടിക്കലും ഈ പ്രദേശത്തെ ഫോറസ്റ്റുമായുള്ള ചർച്ചയുടെ ഭാഗമായി കമ്പക്കല്ലിൽ റവന്യൂ ഭൂമി ആവശ്യമെങ്കിൽ നൽകി ഇവരെ സംരക്ഷിക്കുമെന്നും നൽകിയ ഉറപ്പ് ഞാൻ ഈ സമയത്ത് നന്ദിപൂർവ്വം ഓർക്കുന്നു. അതുകൊണ്ട് ഈ വിഷയത്തിൽ വളരെ ഗൗരവമായ ഇടപെടലുണ്ടാകണം. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ അവിടെ കയറിയിറങ്ങി ലിസ്റ്റുകൾ എടുക്കുമ്പോൾ അർഹതപ്പെട്ട ഭൂമി വനഭൂമിയാണെന്ന് കാണിച്ച് ലിസ്റ്റ് ഹൈക്കോടതിയിൽ കൊടുത്ത നടപടി പുനഃപരിശോധിച്ച് കർഷകർക്ക് അവിടെ ജീവിക്കാൻ സാധിക്കത്തക്ക വിധത്തിൽ നടപടിയുണ്ടാകണം. നാൽപത്- അൻപത് വർഷത്തോളമായി അവിടെ താമസ്സിക്കുന്നവരെ കുടിയിറക്ക് ഭീഷണിയിൽനിന്നും ഒഴിവാക്കാനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇടുക്കി ജില്ലയിലെ ഇടുക്കി- കഞ്ഞിക്കുഴി പഞ്ചായത്തിൽ തട്ടേക്കണ്ണി പ്രദേശത്തെ 1-1-1977 -ന് മുമ്പ് കുടിയേറിയ കർഷക കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് യാതൊരുവിധ നടപടികളും റവന്യു വകുപ്പിൽനിന്നോ വനം വകുപ്പിൽനിന്നോ സ്വീകരിക്കുന്നതല്ല. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം അർത്ഥശങ്കക്കിടയില്ലാത്തവിധം ഉറപ്പുനൽകാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ആ പ്രദേശത്ത് ഇങ്ങനെയൊരു ഭയം കർഷകരുടെ ഇട

യിലുണ്ട്. 2004-05 സമയത്തും ഇതുപോലെയുണ്ടായിരുന്നു. അന്ന് ഞാൻ അവിടെ പോയി അവരെ വിളിച്ചുകൂട്ടി വ്യക്തമായ മറുപടി പറഞ്ഞു. 1-1-1977 -ന് മുമ്പുള്ള കർഷകരെ സംബന്ധിച്ചിടത്തോളം വനം വകുപ്പും റവന്യു വകുപ്പും കൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കും. അതല്ലാതെ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ പ്രശ്നവും അന്ന് പരിഗണിക്കുമെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. അതിന് പകരം വനഭൂമി കൊടുക്കുന്നതിനു വേണ്ട സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നം അറുന്നൂറോളം വീട്ടുകാരെ ബാധിക്കുന്ന പ്രശ്നമാണ്. ആ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ഏറ്റവും വേഗത്തിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് സംബന്ധിച്ചുള്ള തീരുമാനം എത്രയും വേഗം ഉണ്ടാകുന്നതാണ്.

## പന നാര് സംസ്കരണകേന്ദ്രം

ശ്രീ. എ. കെ. ബാലൻ: സർ, തരൂർ അസംബ്ലി മണ്ഡലത്തിലെ കാവശ്ശേരി പഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ പ്രവർത്തിച്ചിരുന്ന കേരള സംസ്ഥാന പന ഉത്പന്ന തൊഴിലാളി കോർപ്പറേഷന്റെ പന നാര് സംസ്ക്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. മുപ്പതോളം തൊഴിലാളികൾക്ക് നേരിട്ടും അത്രത്തോളം പേർക്ക് പരോക്ഷ മായും തൊഴിൽ ലഭിച്ചിരുന്നു. പന നാര് സംസ്ക്കരിക്കാനുള്ള അസം സ്കൃത വസ്തു ലഭിക്കാതായതോടെ പനത്തടിയിൽ നിന്ന് ഫർണ്ണിച്ചറു ണ്ടാക്കുന്ന യൂണിറ്റായി സ്ഥാപനത്തെ മാറ്റി. 2012 മാർച്ച് വരെ ഫർണ്ണിച്ചർ നിർമ്മിച്ച് വിതരണം നടത്തി. എന്നാൽ തടി അപ്ഹോൾസറി, പെയിന്റ് എന്നിവ സപ്ലൈ ചെയ്തവർക്ക് പണം നൽകാതിരുന്നതുമൂലം ഇവ ലഭി ക്കാതായതിനെത്തുടർന്നാണ് ഫർണ്ണിച്ചർ നിർമ്മാണം മുടങ്ങിയത്. ഇപ്പോൾ സ്ഥാപനം അടച്ചുപൂട്ടലിന്റെ വക്കിലാണ്. തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും നൽകാനുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തവർക്കുള്ള തുകയും തൊഴിലാളികൾക്ക് നൽകാനുള്ള വേതന കുടിശ്ശികയും നൽകാൻ കോർപ്പറേഷൻ തയ്യാറാ യാൽ സ്ഥാപനം വീണ്ടും പഴയതുപോലെ പ്രവർത്തിക്കാൻ കഴിയും. അതിനാൽ വ്യവസായ വകുപ്പുമന്ത്രി വ്യക്തിപരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് തൊഴിലാളികളെയും സ്ഥാപനത്തെയും രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അവിടത്തെ തൊഴിലാളികളുടെ കട ബാധ്യത തീർക്കാൻ ഒരു സംഖ്യയും അത് തുറന്ന് പ്രവർത്തിക്കാൻ നില വിലുള്ള മാറ്റ് വീവിംഗ് സിസ്റ്റത്തിന് ആധുനിക റാട്ടുകൾ നൽകുന്നതി നായി 26.25 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഭരണാനുമതിയും കൊടു ത്തിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനം പ്രതിസന്ധിയിൽ നിന്ന് കരകയറുക

യാണ്. ജൂൺ മാസത്തെ അവരുടെ വേതനം നൽകിയിട്ടുണ്ട്. ഫർണ്ണിച്ചർ നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി കാരണമാണ് യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയാതിരുന്നത്. പൂർണ്ണമായ രീതിയിൽ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## വാഗൺ ഫാക്ടറി

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തല ഓട്ടോകാസ്റ്റിനോട് ചേർന്ന് കേന്ദ്ര റയിൽവേ വകുപ്പ് ഒരു വാഗൺ ഫാക്ടറി തുടങ്ങുമെന്ന വാഗ്ദാനം വർഷങ്ങൾക്കുമുമ്പേ ഉണ്ടായിരുന്നതാണ്. ഈ വാഗ്ദാന ത്തിന്റെ അടിസ്ഥാനത്തിൽ 2007-08 ൽ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് റയിൽവേ ബഡ്ജറ്റിൽ 85 കോടി രൂപ നീക്കിവയ്ക്കുകയുണ്ടാ യി. എന്നാൽ 2008-09-ൽ ആ തുക ഒരു ലക്ഷമായി ചുരുങ്ങിയെങ്കിലും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു ജോയിന്റ് വെഞ്ചർ അവിടെ ആരംഭിക്കുമെന്ന് പറഞ്ഞുകൊണ്ട് സംസ്ഥാന വ്യവ സായ വകുപ്പുമന്ത്രിയും കേന്ദ്ര റയിൽവേ വകുപ്പ് ഉദ്യോഗസ്ഥരും കേന്ദ്ര ഗവൺമെന്റ് പ്രതിനിധികളുമടക്കമുള്ളവരുടെ സാന്നിദ്ധ്യത്തിൽ അവിടെ നടന്ന ഒരു വലിയ ചടങ്ങിൽ എം.ഒ. യു സൈൻ ചെയ്യുകയുണ്ടായി. കേരള റയിൽ കമ്പോണന്റ്സ് ലിമിറ്റഡ് എന്നൊരു കമ്പനിക്ക് രൂപം കൊടുക്കുമെന്നും അന്ന് പറഞ്ഞിരുന്നു. എന്നാൽ അതൊന്നും നടക്കുക യില്ല, നടക്കാൻ പോകുന്ന കാര്യമല്ല എന്നാണ് ഇപ്പോൾ കേന്ദ്ര റയിൽവേ വകുപ്പ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നതെന്നാണ് പത്ര വാർത്തകളിൽ നിന്നും അറിയാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ നാട്ടിലെ ജനങ്ങളുടെ വികാരം തങ്ങൾ വഞ്ചിതരായി എന്നാണ്. വലിയ പ്രക്ഷോഭങ്ങൾ അവിടെ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. നൂറുകണ ക്കിനേക്കർ ഭൂമി കേരള ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെയും സ്റ്റീൽ ഫാബ്രിക്കേ ഷൻ യൂണിറ്റിന്റെയും ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്ന സാഹച ര്യത്തിൽ ഇതേ കാര്യം പറഞ്ഞ് കുറച്ചുകൂടി അകലത്തായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന നെൽപ്പാടം അക്വയർ ചെയ്യാനുള്ള നട പടികളാണ് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. അതിനെതിരായും അവിടെ പ്രക്ഷോഭങ്ങൾ ഉയർന്നു വരികയാണ്. അതുകൊണ്ട് കേന്ദ്ര റയിൽവേ വകുപ്പും സംസ്ഥാന

ഗവൺമെന്റും അന്ന് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനം അനുസരിച്ച് പൊതുമേഖലയിലെ വാഗൺ ഫാക്ടറി അവിടത്തന്നെ ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് വമ്പിച്ച പ്രക്ഷോഭ സമരങ്ങൾ അവിടെ ഉയർന്നുവരികയാണ്. ആ നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകണം എന്ന അപേക്ഷയാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):സർ, റയിൽവേയും അതുപോലെ ഓട്ടോകാസ്റ്റും ചേർന്ന് വാഗൺ ഫാക്ടറി ഉണ്ടാക്കുക എന്നുള്ള തരത്തിലുള്ള യാതൊരു എഗ്രിമെന്റും വച്ചിട്ടില്ല. വാഗൺ ഫാക്ടറി തുടങ്ങാൻ വേണ്ടി അമ്പത് -അറുപത് ഏക്കർ സ്ഥലം ലഭ്യമാക്കണമെന്ന റയിൽവേയുടെ ആവശ്യം – അത്രയേയുള്ളു. അത് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചിരുന്നു. അത് അങ്ങനെ നടക്കുന്നുണ്ട്. അത് ഫോളോ അപ് ചെയ്യാൻ റയിൽവേയുമായി ചർച്ചകൾ നടക്കുന്നുണ്ട്. റയിൽ കംപോണന്റ്സ് നിർമ്മാണം ഓട്ടോകാസ്റ്റ് തുടങ്ങുകയാണെങ്കിൽ അത് റയിൽവേയ്ക്ക് ആവശ്യമുള്ള സാധനങ്ങളാണെങ്കിൽ അവർ വാങ്ങിക്കോളാം എന്ന ഒരു പഠന റിപ്പോർട്ട് മാത്രമാണ്. അല്ലാതെ പ്രചരിച്ച തരത്തിൽ ഒരു വാഗൺ ഫാക്ടറി തുടങ്ങാനുള്ള എഗ്രിമെന്റൊന്നും ആദ്യമേ ഉണ്ടായിരുന്നില്ല. റയിൽവേ വാഗൺ ഫാക്ടറിക്ക് സാധ്യതയുണ്ടോ എന്നത് ഗവൺമെന്റ് പരിശോധിക്കുകയും ഫോളോ അപ് ചെയ്യുകയും ചെയ്യും.

**താപവൈദ്യുത നിലയം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കേരളത്തിലെ വൈദ്യുതി മേഖലയെ സംബന്ധിച്ച് അത്യന്തം സംഭ്രമജനകമായ റിപ്പോർട്ടുകളാണ് ദിവസേന മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ ഡാമുകളെല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുന്നു. ജലവൈദ്യുതി ഉത്പാദനം നിലയ്ക്കാൻ പോകുകയാണ്. മറ്റ് മേഖലയിലും ആവശ്യമായിട്ടുള്ള വൈദ്യുതി ലഭ്യമല്ല. കേരളത്തിലെ എല്ലാ മേഖലയും സമ്പൂർണ്ണമായും നിശ്ചലമാകാനോ അവതാളത്തിലാകാനോ പോകുന്നു. ഇത് മനസ്സിലാക്കാൻ വലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. ഈ സാഹചര്യത്തിലാണ് പുതിയ ഊർജ്ജോത്പാദന പദ്ധതികളുടെ അനിവാര്യത മുമ്പന്തിയിൽ വരുന്നത്. എന്റെ മണ്ഡലത്തിലെ ചീമേനിയിൽ ഒരു താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് 2000 ഏക്കർ സ്ഥലം ഇപ്പോൾ ഏറ്റെടുത്തിരിക്കുകയാണ്.. ഇപ്പോഴും അതിന്റെ യാതൊരു പ്രവർത്തിയും ആരംഭിച്ചിട്ടില്ല. അങ്ങേയറ്റം നിരുത്തരവാദപരമായ സമീപനമാണ് ഈ ഘട്ടത്തിൽ ഗവൺമെന്റ് കൈക്കൊള്ളുന്നത്. നാട് ഇരുട്ടിലാകാൻ പോകുകയാണ്. സകലതും നിശ്ചലമാകാൻ പോകുകയാണ്. അവിടെ ഏതാണ്ട് പത്ത് നാൽപ്പത് കുടുംബങ്ങളെ മാത്രമേ ഒഴിപ്പിക്കേണ്ടതുള്ളു. 1200 മെഗാവാട്ട് ഗ്യാസിൽനിന്ന് ഉത്പാദിപ്പിക്കാനാവശ്യമായ പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. മുമ്പ് കൽക്കരിയിൽനിന്നായിരുന്നു. അത് വലിയ എതിർപ്പായിരുന്നു. ഇപ്പോൾ ഗ്യാസിൽനിന്ന്. ഗ്യാസ് ലൈൻ അതിന്റെ അരികിൽകൂടിയാണ് പോകുന്നത്. അതുകൊണ്ട് ഗ്യാസ് ലൈനൻ വരുന്നതിനുമുമ്പായിത്തന്നെ വൈദ്യുതി ഉത്പാദിപ്പിക്കാനാവശ്യമായിട്ടുള്ള പ്ലാന്റിന്റെയും മറ്റും പണി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ ഒരു പ്രശ്നവുമില്ല. വളരെ വേഗത്തിൽ ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആദ്യഭാഗത്തോട് ഞാൻ യോജിക്കുന്നു. അതുകൊണ്ട് മറുപടിപറയേണ്ടതില്ല. രണ്ടാമത്തെ ഭാഗം ഈ ഗവൺമെന്റിന്റെ അനാസ്ഥ. - 11-02-2011 -ന് എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു ജി.ഒ. ഇറക്കി. അവിടെ 2400 മെഗാവാട്ടിന്റെ ഒരു തെർമ്മൽ പ്ലാന്റ് - കേന്ദ്ര ഗവൺമെന്റ് നമുക്ക് 266.55 മെട്രിക് ടൺ കോൾ തന്നു, അതുപയോഗിച്ച് തുടങ്ങാനാണ് തീരുമാനിച്ചത്. അന്നത്തെ മന്ത്രി ശ്രീ. എ. കെ. ബാലൻ കുറേ ശ്രമിച്ചതാണ്. അവിടെ പ്രശ്നമില്ല എന്ന് അങ്ങ് പറയുന്നത് ശരിയല്ല. അവിടത്തെ പ്രശ്നം കാരണം 11-2-2011-ൽ ജി.ഒ. എം.എസ്. നമ്പർ 36/2011 ഐ.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ട് ബഹുജന സമരം കാരണം ഈ പദ്ധതി വേണ്ടെന്ന് വച്ചു. അത് കഴിഞ്ഞ ഗവൺമെന്റാണ്. അന്ന് ഇത് നടപ്പാക്കാൻ അന്നത്തെ മന്ത്രിമാരായ ശ്രീ. എ.കെ. ബാലനും ശ്രീ. എളമരം കരീമും ശ്രമിച്ചതാണ്. അത് കഴിഞ്ഞ് ശ്രീ. കരീമിന്റെ നേതൃത്വത്തിൽ കെ.എസ്.ഐ.ഡി.സി. യെ നോഡൽ ഏജൻസിയാക്കി അവിടെ 1200 മെഗാവാട്ടിന്റെ ഒരു പ്ലാന്റ് എൽ.എൻ.ജി. ഉപയോഗിച്ച് ചെയ്യാൻ തീരുമാനിച്ചുവെങ്കിലും അതും നടപ്പായില്ല. കാരണം ഇവിടെ എൽ.എൻ.ജി. പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. ഗെയ്ൽ അവിടേയ്ക്കുള്ള പൈപ്പ്ലൈൻ വലിക്കണം. അതിനും തടസ്സങ്ങളുണ്ട്. എന്നുമാത്രമല്ല അത് കൊണ്ടുവന്ന് ഉടനെ പ്രാവർത്തികമാക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് കൈക്കൊള്ളുകയാണ്. അതിനുള്ള ആപ്ലിക്കേഷൻ കേന്ദ്രത്തിലേയ്ക്ക് അയച്ചു. എൺവയോൺമെന്റ് ക്ലിയറൻസിനുവേണ്ടി എൻവയോൺമെന്റ് സ്റ്റഡി നടത്തിക്കഴിഞ്ഞു. ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റാണ് നോഡൽ ഏജൻസി. അവർ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്തുകഴിഞ്ഞു. ഐ. പി. പി. യൂണിറ്റായിട്ടാണ് ഇത് ഉദ്ദേശിക്കുന്നത്. നേരത്തെതന്നെ അതാണ് പ്രൊപ്പോസൽ. അതിന് 2000 എക്കർ സ്ഥലമുണ്ട്. അതിൽ 308 ഏക്കർകഴിച്ച് ബാക്കി

ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കാനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉപയോഗിച്ചാണ് നടത്താൻ നേരത്തെ തീരുമാനിച്ചത്. അതുതന്നെ ഞങ്ങളും തീരുമാനിച്ചു. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അന്നും ഒരപകടവുമുണ്ടായിട്ടില്ല. ഇന്നും ഉണ്ടായിട്ടില്ല. മെമ്പർക്ക് എങ്ങനെ ഇത് തോന്നിയെന്ന് എനിക്കറിയില്ല.

## മൂന്നാർ ഹൈഡൽ ടൂറിസം പ്രോജക്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കെ.എസ്.ഇ.ബി.-യ്ക്ക് കീഴിലുള്ള ഹൈഡൽ ടൂറിസം എന്ന സ്ഥാപനത്തിലെ ഡയറക്ടർക്ക് പല ഘട്ടങ്ങളിൽ കത്തയച്ചതിന്റെ ഭാഗമായി മറുപടി ലഭ്യമാക്കാത്തതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. അവിടത്തെ ജീവനക്കാർക്ക് 5,000 രൂപയാണ് ശമ്പളമായി ലഭിക്കുന്നത്. രാത്രികാലങ്ങളിൽ വന്യ മൃഗങ്ങളുള്ള ആ സ്ഥലത്ത് സെക്യൂരിറ്റിയായി ജോലിനോക്കുന്ന ജീവനക്കാരുണ്ട്. ഇവരുടെ ശമ്പളം തീരെ കുറവാണ് മാത്രമല്ല ആളുകളുടെ എണ്ണം കൂട്ടാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇങ്ങനെയുള്ള ദുരന്തമായ ഒരു സാഹചര്യത്തിലാണ് അവർ സേവനം അനുഷ്ഠിക്കുന്നത്. ഇത്തരം സാഹചര്യത്തിലാണ് താൽക്കാലിക ജീവനക്കാരെ അവിടെ നിന്ന് മറ്റുചില യൂണിറ്റുകളിലേക്ക് മാറ്റിയിട്ടുള്ളത്. ഇത്തരത്തിൽ തുച്ഛമായ ശമ്പളത്തിൽ ഏതുനിലയിലും ജോലി അനുഷ്ഠിക്കുവാൻ തയ്യാറായവരെ സംരക്ഷിക്കുവാനുള്ള നിലപാട് അങ്ങയുടെ മനസ്സിലുണ്ടെങ്കിൽപ്പോലും അങ്ങ് അറിയാതെ ചില നടപടി ക്രമങ്ങൾ ഉണ്ടാകുന്നുണ്ട്. ഈയിടെ കുറച്ചുപേരെ യാതൊരു അറിയിപ്പും കൂടാതെ റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായി. രാത്രികാലങ്ങളിൽ ഒറ്റയ്ക്ക് സെക്യൂരിറ്റിയായി ജോലി ചെയ്യുന്നവരുടെ കൂടെ ഒരാളെക്കൂടി നിയമിക്കുവാനും അവരുടെ അലവൻസിൽ വർദ്ധനവ് വരുത്തുവാനും ഇങ്ങനെയുള്ള താൽക്കാലിക ജീവനക്കാരെ മാറ്റിയ നടപടി തിരുത്തി അതാത് സ്ഥലങ്ങളിൽതന്നെ നിയമനം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മൂന്നാർ ഹൈഡൽ ടൂറിസത്തിൽ മഹേഷ് എന്നുപറയുന്ന ഒരാൾ തല്ക്കാലികമായി ജോലി ചെയ്തിരുന്നു. അവിടെ മൊത്തത്തിൽ ആളില്ല, ശമ്പളം പോര, ആളുകൾ കുറഞ്ഞ സമയത്ത് നിലവിലുള്ള ആളുകളെ

പിരിച്ചുവിടുന്നു - എന്നൊക്കെയുള്ള പരാതികൾ ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ ഉന്നയിക്കുകയുണ്ടായി. മഹേഷിനെ അങ്ങനെ പിരിച്ചുവിട്ടതല്ല. മഹേഷിനെ പിരിച്ചുവിടാനുള്ള കാരണം, ഹൈഡൽ ടൂറിസത്തിൽ അദ്ദേഹം ജോലിനോക്കുന്ന സന്ദർഭത്തിൽ മാട്ടുപ്പെട്ടിയിൽ ഒരു കുടുംബം വന്നു. ആ കുടുംബത്തിലെ ഒരു സ്ത്രീയോട് അപമര്യാദയായി അദ്ദേഹം പെരുമാറി. അതിനെക്കുറിച്ച് പരാതി ലഭിച്ചപ്പോൾ ഒരു വനിതാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അന്വേഷിക്കുകയുണ്ടായി. അപ്രകാരം അന്വേഷിച്ചപ്പോൾ ഇത് പൂർണ്ണമായും ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ ഒരു കമ്മിറ്റിയെ നിയമിച്ചുകൊണ്ട് വീണ്ടും ഒരന്വേഷണം നടത്തുകയുണ്ടായി. ഇതിൽ ഏറ്റവും വലിയ ശിക്ഷ നൽകണമെന്നാണ് എൻക്വയറി കമ്മിറ്റി പോലും റിപ്പോർട്ട് ചെയ്തത്. യഥാർത്ഥത്തിൽ മഹേഷിനെ പിരിച്ചുവിടേണ്ടതാണ്. പക്ഷേ തൽക്കാലം ട്രാൻസ്ഫർ നൽകുക മാത്രമാണ് ചെയ്തത്. അങ്ങേയ്ക്ക് ഇതിലൊരു അടുപ്പമുണ്ടെന്ന് മനസ്സിലായതുകൊണ്ട് മാത്രമാണ് ഇപ്രകാരം ചെയ്തത്. അല്ലെങ്കിൽ മഹേഷിനെ പിരിച്ചുവിടേണ്ടതായിരുന്നു.

**മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം**

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കണ്ണൂർ നഗരത്തിൽ മോണോ റെയിൽ അല്ലെങ്കിൽ മെട്രോ റെയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. കേന്ദ്ര നഗരവികസന സെക്രട്ടറി ശ്രീ. സുധീർ കൃഷ്ണ ഈ അടുത്ത ദിവസം ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നത് കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നീ മൂന്ന് നഗരങ്ങളിൽ നിർബന്ധമായും മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം അഥവാ മെട്രോ മോണോ റെയിൽ പോലുള്ള ട്രാഫിക് സിസ്റ്റം നടപ്പിലാക്കേണ്ടതാണെന്നാണ്. അത്രമാത്രം ദ്രുതഗതിയിലാണ് ഈ നഗരങ്ങൾ വളരുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് പഠനം നടത്താൻ ഇപ്പോഴേ നമ്മൾ തയ്യാറാകണമെന്നാണ് ശ്രീ. സുധീർ കൃഷ്ണ പറയുന്നത്. കണ്ണൂരിലെ മാധ്യമങ്ങളെല്ലാം ഈ വിഷയം മുന്നോട്ട് കൊണ്ടുവന്നിട്ടുണ്ട്. തിരുവനന്തപുരം കോഴിക്കോട് എന്നീ നഗരങ്ങളിൽ നാറ്റ്പാക്കും അതുപോലെതന്നെ ഡൽഹി മെട്രോ റെയിലും പഠനം നടത്തിത്തുടങ്ങി. കണ്ണൂരിനെക്കുറിച്ച് നമ്മൾ പഠിക്കേണ്ട സമയമായി എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കൊച്ചി മെട്രോയെക്കുറിച്ച് പന്ത്രണ്ട് വർഷം മുമ്പാണ് നമ്മൾ പഠനം നടത്തിയത്. പക്ഷേ ഇപ്പോഴാണ് അത് നടപ്പിലാക്കാൻ കഴിഞ്ഞത്. ഒരുപക്ഷേ അഞ്ചോ പത്തോ കൊല്ലം കഴിഞ്ഞതിനുശേഷമാണ് ഇത്തരം ഏതെങ്കിലും ഒരു ട്രാഫിക് സിസ്റ്റം കണ്ണൂരിൽ വരുന്നതെങ്കിലും നമ്മൾ ഇപ്പോഴെ അതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണം. മറ്റൊരു സംഗതി സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി അവിടെ എൽ.ആൻ.ടി വയബിലിറ്റി സ്റ്റഡി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെകൂടെ ഈ സ്റ്റഡികൂടി നടത്തുകയാണെങ്കിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു നടപടിയായിരിക്കും അത്. കണ്ണൂർ നഗരത്തിലെ ഇന്നത്തെ അവസ്ഥ വച്ചുകൊണ്ട് അവിടത്തെ ജനങ്ങൾക്കുവേണ്ടി

അങ്ങിത് ചെയ്യാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം കണ്ണൂരിൽ ഏർപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. നമ്മൾ ഇതുവരെ ഇക്കാര്യം പരിഗണിച്ചിട്ടില്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇത് വളരെ ഗൗരവത്തിലെടുത്ത ഒരു വിഷയമായതുകൊണ്ട് ഉടൻതന്നെ നാറ്റ്പാക്കിനെക്കൊണ്ട് ഇതിനെക്കുറിച്ച് സ്റ്റഡി നടത്താനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. കൊച്ചി മെട്രോയ്ക്ക് പന്ത്രണ്ട് വർഷം മുമ്പ് സ്റ്റഡി നടത്തിയെങ്കിലും ഇപ്പോൾ മാത്രമാണ് അത് നടപ്പിലാക്കാൻ സാധിച്ചതെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഈ പറയുന്ന സ്റ്റഡി ഇതിന് അനുകൂലമാണെങ്കിൽ അദ്ദേഹം അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ചുവരുമ്പോൾ നമുക്കിത് നടപ്പിലാക്കാൻ സാധിക്കും. എറണാകുളത്ത് സംഭവിച്ച അത്രയും ഡിലേ കണ്ണൂരിൽ സംഭവിക്കുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

**വാഹനാപകടങ്ങൾ**

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥന്മാരുടെ കുറവ് നികത്തുന്നതിനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇപ്പോൾ കേരളത്തിൽ റോഡ് അപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ട മോട്ടോർ വാഹന വകുപ്പ് അവിടത്തെ ജീവനക്കാരുടെ പരിമിതി മൂലം തികച്ചും സ്തംഭനാവസ്ഥയിലാണ്. വാഹന ബാഹുല്യമാർന്ന കേരള നിരത്തുകൾ നിയന്ത്രിക്കുന്നതിന് ആകെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം തികച്ചും പരിതാപകരമാണ്. എല്ലാ വിഭാഗത്തിലുംകൂടി ആകെ 478 ജീവനക്കാരാണുള്ളത്. അതിൽതന്നെ 65 അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർമാരും 21 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള 15 അതിർത്തി ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്തുകഴിഞ്ഞാൽ ബാക്കി വരുന്ന കേവലം 392 വെഹിക്കിൽ ഇൻസ്പെക്ടർമാർ ചേർന്നാണ് 65 ഓഫീസുകളിലെ ജോലിയും വാഹന പരിശോധനയും നടത്തുന്നത്. വാഹന ബാഹുല്യത്തിൽ കേവല ജീവനക്കാരുടെ അപര്യാപ്തതയെക്കുറിച്ച് മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. ടി.പി. സെൻകുമാർ വിശദമായ റിപ്പോർട്ട് നൽകിയിരുന്നെങ്കിലും യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാര്യക്ഷമമായ വാഹന പരിശോധനയിലൂടെ അപകട നിരക്ക് ഗണ്യമായി ഒഴിവാക്കാം എന്നുള്ളതിന് തെളിവാണ് ശബരിമല സേഫ് സോൺ പദ്ധതി. പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമതയിലൂടെ അനുബന്ധ ഏരിയയിൽ മരണനിക്ക് 67 ശതമാനവും അപകട നിരക്ക് 40 ശതമാനവും കുറയ്ക്കാൻ സാധ്യമായി എന്നത് ഉദാഹരണമാണ്. ഇതേ മാതൃക സംസ്ഥാന വ്യാപകമായി

മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയാൽ വാഹനാപകടങ്ങൾ കുറയ്ക്കാൻ സാധിക്കും. 2000-ൽ കേരളത്തിലെ വാഹനങ്ങൾ 21,11,885 ആയിരുന്നു. ഇപ്പോൾ ഏതാണ്ട് 72 ലക്ഷത്തിലധികം വരും. എന്നാൽ അന്ന് ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെയും ഇന്നുള്ള ഉദ്യോഗസ്ഥന്മാരെയും നോക്കിയാൽ 91 പേരുടെ വർദ്ധനവ് മാത്രമാണുണ്ടായത്. ഈ ഉദ്യോഗസ്ഥന്മാർ കുറവ് പരിഹരിച്ചാൽ ടാക്സ് ഇനത്തിൽ നമുക്ക് ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാൻ സാധിക്കും. 2010 മാർച്ച് 31 കാലയളവിൽ മോട്ടോർ വാഹനവകുപ്പിന് കുടിശ്ശികയായി ലഭിക്കേണ്ടത് 684.46 കോടി രൂപയാണ്. വാഹന ഉപകരണങ്ങൾക്കായി 7.52 കോടി രൂപയും അതുപോലെതന്നെ ജീവനക്കാർക്ക് പ്രതിവർഷം 7.77 കോടി രൂപയുമാണ് അധികമായി നൽകേണ്ടിവരുന്നത്. എന്നാൽ ജീവനക്കാരുടെ വർദ്ധനവുണ്ടായാൽ നികുതി വരുമാനം ഒഴുകിയെത്തും. നികുതിയടയ്ക്കാതെ ഓടുന്ന വാഹന പരിശോധന വഴി നമുക്ക് 250 കോടി രൂപ ലഭിക്കും. കുടിശ്ശിക നീക്കുന്നതുവഴി നമുക്ക് 20 കോടി രൂപ ലഭിക്കും. പതിവ് വാഹന പരിശോധന വഴിയുള്ള 60 കോടി രൂപകൂടി ചേർത്ത് പ്രതിവർഷം 330 കോടി രൂപയുടെ അധിക വരുമാനം ലഭിക്കും. ആയതിനാൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും മുൻ ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച സ്റ്റാറ്റിസ്റ്റിക്സും മറ്റ് കാര്യങ്ങളുമെല്ലാം ശരിയാണ്. സെൻ കുമാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളൊന്നും നടപ്പിലാക്കിയില്ലെന്ന് പറയുന്നത് തികച്ചും തെറ്റാണ്.

പ്രസ്തുത റിപ്പോർട്ടിലെ കാര്യങ്ങൾ ഓരോന്നായി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഉടൻതന്നെ 17 സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഉദ്യോഗസ്ഥന്മാരുടെ റിക്രൂട്ട്മെന്റ് പൂർത്തിയാക്കി നിയമനവും നടത്തിക്കഴിഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ അനുകൂലമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഇപ്പോൾതന്നെ 7 പുതിയ സബ് ആർ.ടി. ഓഫീസുകൾ അനുവദിച്ച് റീസ്ട്രക്ച്ചറിംഗ് നടത്തിയിട്ടുണ്ട്. ഇവിടത്തെ അപകടങ്ങൾ ഒഴിവാക്കാനും കളക്ഷൻ വർദ്ധിപ്പിക്കാനും റീസ്ട്രക്ച്ചറിംഗ് നടത്തണമെന്നാണ് 2004 മുതൽ തുടർന്നുള്ള സി. ആന്റ്. എ. ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടുതന്നെ അത്തരം നടപടികളുമായി  ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഒരു സ്ക്വാഡ് രണ്ടരകോടി രൂപ കളക്ട് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ എത്രത്തോളം സ്ക്വാഡ് ഉണ്ടാക്കുന്നുവോ അത്രത്തോളം കൂടുതൽ സംഖ്യ കളക്ട് ചെയ്യാൻ സാധിക്കും. 1980-ൽ 22 ലക്ഷം വാഹനങ്ങളുണ്ടായിരുന്ന കേരളത്തിൽ ഇന്ന് 72 ലക്ഷം വാഹനങ്ങളാണുള്ളത്. അതുകൊണ്ടുതന്നെ ഇന്നത്തതിന്റെ ഇരട്ടി റവന്യൂ ഇതിലൂടെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റോഡപകടങ്ങൾ കുറയ്ക്കാൻ വേണ്ടി ചില പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി മണ്ണുത്തി മുതൽ ചേർത്തല വരെയുള്ള ഭാഗങ്ങളിൽ ക്യാമറകൾ ഘടിപ്പിക്കാനും തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ചേർത്തല മുതൽ കളിയിക്കാവിള വരെ പോലീസ് ഡിപ്പാർട്ടുമെന്റും മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും ഇതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. ഇതിനൊന്നും ധനകാര്യവകുപ്പിന്റെ പണം വിനിയോഗി

ക്കുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾക്കായി റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടാണ് ഉപയോഗിക്കുന്നത്. ആ ഫണ്ടിൽ 176 കോടിയോളം രൂപ ബാക്കിയുണ്ട്. ആ തുക വിനിയോഗിച്ചാണ് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നത്. സെൻ കുമാർ കമ്മിറ്റി റിപ്പോർട്ട് പടിപടിയായി നടപ്പിലാക്കുന്നതാണ്. എന്നാൽ, ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ധനകാര്യവകുപ്പിന്റെ പരിധിയിൽപ്പെട്ടതാണ്. അത് അവരാണ് ചെയ്യേണ്ടത്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനോട് എപ്പോഴും വളരെയധികം താൽപ്പര്യം കാണിക്കുന്ന ധാനാകാര്യ വകുപ്പുമന്ത്രിയായതുകൊണ്ട് അതും ലഭിക്കുമെന്നാണ് എന്റെ വിശ്വാസം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനെ എല്ലാവരും ഒരു മാതൃകയാക്കി, അവരവരുടെ ഡിപ്പാർട്ടുമെന്റിൽ ഒതുങ്ങിനിന്ന് ചെലവ് ചെയ്യുക. ശ്രീ. ആര്യാടൻ മുഹമ്മദിന് അഭിനന്ദനങ്ങൾ. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ടും ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും ആവശ്യമായ തീരുമാനം ഇക്കാര്യത്തിൽ എടുക്കുന്നതാണ്.

## കോഴിക്കോട് സിവിൽ സർവ്വീസ് അക്കാഡമി

ശ്രീ. എ. പ്രദീപ് കുമാർ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഐ.എ.എസ്./ഐ.പി.എസ്/ഐ.എഫ്.എസ് ഉൾപ്പെടെയുള്ള സിവിൽ സർവ്വീസ് പരീക്ഷകൾക്ക് കുട്ടികളെ പരിശീലിപ്പിക്കുവാനുള്ള ഒരു അക്കാഡമി കോഴിക്കോട് അനുവദിച്ചത്. തിരുവനന്തപുരത്ത് നേരത്തെ ആരംഭിച്ച അക്കാഡമിയിൽ പരിശീലനം ലഭിച്ച കുട്ടികൾ സിവിൽ സർവ്വീസ് പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചതിന്റെ പശ്ചാത്ത ലത്തിലാണ് കോഴിക്കോട് അത്തരമൊരു കേന്ദ്രം വേണമെന്നുള്ള ആവ ശ്യം ഉന്നയിച്ചത്. കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോ ട് എന്നീ ജില്ലകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ തന്നെ വാരാന്ത്യ ത്തിൽ തിരുവനന്തപുരം അക്കാഡമിയിൽ വന്ന് പഠിക്കുന്ന ഒരു സ്ഥിതിവി ശേഷമാണ് ഇപ്പോഴുള്ളത്. ആ സാഹചര്യം മാറുന്നതിനുവേണ്ടി ഇത്തര മൊരാവശ്യം ഉന്നയിച്ചപ്പോൾ അന്നത്തെ ഗവൺമെന്റ് അത് അംഗീകരി ക്കുകയും പ്രസ്തുത അക്കാഡമി ആരംഭിക്കുന്നതിനായി പി.ഡബ്ല്യൂ. ഡി.-യുടെ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു. അവിടത്തെ ഗോഡൗൺ ഷെഡ്ഡുകൾ renovate ചെയ്യുകയും താൽക്കാ ലിക ക്ലാസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ പൂർത്തി യാക്കുകയും ഫർണിച്ചർ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ അവിടെ ലഭ്യമാക്കുകയും ചെയ്തു. മാത്രമല്ല, പുതിയ കെട്ടിടം പണിയുന്നതിനുള്ള പണം ലഭ്യമാക്കുകയും അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കെട്ടിട നിർമ്മാണത്തിന് തറക്കല്ലിടുകയും ചെയ്തു. എന്നാൽ പി.ഡബ്ല്യൂ.ഡി. -യുടെ ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറാനുള്ള പ്ലാനിൽ ഒരു സർവ്വേ നമ്പർ നഷ്ടപ്പെട്ടുവെന്ന കാരണത്താൽ ഇക്കാര്യത്തിൽ കാര്യമായ പുരോ ഗതിയൊന്നും ഉണ്ടായിട്ടില്ല. അവിടെ ക്ലാസ് ആരംഭിക്കുമെന്ന് എല്ലാവരും വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. ഇതുവരെയും അവിടെ ക്ലാസ് ആരംഭിച്ചിട്ടില്ല. ഇതിനിടയിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെ

ഒരു കേന്ദ്രം പാലക്കാട് തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ ഒരു വർഷം മുമ്പ് ആരംഭിച്ച കോഴിക്കോട്ട് സിവിൽ സർവ്വീസ് അക്കാഡമി യുടെ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ, ജില്ലാകളക്ടറുമായി ബന്ധപ്പെട്ടുകൊണ്ട് നഷ്ടപ്പെട്ടിട്ടുള്ള സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫയൽ റവന്യൂ വകുപ്പിലേയ്ക്ക് അയച്ചി ട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഇത് അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുള്ള കാര്യമാണ്. ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുത്ത് അടിയന്തരമായി ഇടപെട്ട് പ്രസ്തുത സ്ഥലം ട്രാൻസ്ഫർ ചെയ്യുന്നതിനനു കൂലമായ തീരുമാനമുണ്ടാക്കാനും കെട്ടിടനിർമ്മാണം തുടങ്ങാനും അതി നുമുമ്പുതന്നെ അവിടെ താൽക്കാലിക ക്ലാസ് ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. 2011 ജൂലൈ മാസത്തിൽ ക്ലാസ് ആരംഭിക്കേണ്ടതായിരു ന്നു. ഉടൻതന്നെ അവിടെ ക്ലാസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണ മെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 29-5-2008-ലെ സ.ഉ. (സാധാ.) നം. 821/08/ഉ.വി.വ. ഉത്തരവ് പ്രകാരം കോഴി ക്കോട് ജില്ലയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ സെന്ററിന്റെ പ്രവർത്തനം ആരംഭി ക്കാൻ കഴിഞ്ഞിരുന്നില്ല. മേൽ ആവശ്യത്തിലേയ്ക്കായി 09.05.2011-ലെ ജി.ഒ.(എം.എസ്.) നം. 26/2011/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം കോഴി ക്കോട് തിരുത്തിയാട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കസബ വില്ലേജിലെ റീസർവ്വേ നമ്പർ റ്റി.എസ്. 5123/1134-ൽപ്പെട്ട 34 സെന്റ് സ്ഥലവും അനുബന്ധ കെട്ടിടവും വാടകയില്ലാതെ അഞ്ചുവർഷത്തേക്ക് കൈമാറുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നിർമ്മിതി കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന കലവറ എന്ന സ്ഥാപന ത്തിന് കൈമാറ്റം ചെയ്തു നൽകിയിരുന്നുവെന്നും കേരള സ്റ്റേറ്റ് സിവിൽ

സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിരുന്ന സ്ഥലം റീസർവ്വേ നം. റ്റി.എസ്. 5/23/1139/2-ൽപ്പെട്ടതാണെന്നും പിന്നീട് പൊതുമരാമത്ത് അധികൃതർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് മേൽ പ്രസ്താവിച്ച സർവ്വേ നമ്പറിൽപ്പെട്ട സ്ഥലം കൈമാറ്റം ചെയ്തു നൽകുന്നതിനായി സെന്റർ ഫോർ കൺണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരള ഡയറക്ടർ സർക്കാരിന് ശുപാർശ സമർപ്പിക്കുകയുണ്ടായി. ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സെന്ററിന് കൈമാറുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും അദ്ദേഹം ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പിലും റവന്യൂ വകുപ്പിലുമായി പുരോഗമിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത സ്ഥലം സെന്റർ ഫോർ കണ്ടന്യൂയിംഗ് എഡ്യുക്കേഷൻ കേരളയ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്തു കിട്ടിയാലുടൻ കോഴിക്കോട് അനുവദിച്ച സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

## അദ്ധ്യാപക പാക്കേജിലെ അപാകത

ശ്രീ. എ.റ്റി. ജോർജ്: സർ, കേരള സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിൽ സീനിയോരിറ്റി പട്ടികയിൽ നിന്നും 51 (എ) അവകാശികളായ അദ്ധ്യാപകർ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. തസ്തിക നഷ്ടപ്പെട്ടവർ, പോസ്റ്റുകൾ ഇല്ലാതിരുന്നപ്പോൾ നിയമിക്കപ്പെട്ട സ്പെഷ്യ ലിസ്റ്റ് അദ്ധ്യാപകർ, ശമ്പളം ലഭിക്കാതെ ജോലി ചെയ്തിരുന്നവർ എന്നിവ രെയെല്ലാം ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തി നിയമനം നൽകിയപ്പോഴും 51 (എ) അവകാശികളായ അദ്ധ്യാപകർക്ക് നിയമനം ലഭിക്കാത്ത വേദനാ ജനകമായ അവസ്ഥയാണ് ഇന്നുണ്ടായിട്ടുള്ളത്. ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്ന ഇവരിൽ അധികവും മറ്റ് സർക്കാർ ജോലിക്കുള്ള പ്രായപരിധി കഴിഞ്ഞവരാണ്. 2011-ലെ സർക്കാർ ഉത്തരവിൽ ക്ലെയ്മെന്റിന്റേയും റീ-സ്ട്രക്ച്ചേർഡ് അദ്ധ്യാപകരുടേയും സ്കൂൾ തിരി ച്ചുള്ള സീനിയോരിറ്റി ലിസ്റ്റ് ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ, 2012-ൽ പുറത്തിറക്കിയ ലിസ്റ്റിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്നവരെ ഒഴിവാക്കി ജി.ഒ.(പി) 187/05 ജി.എഡ്യൂക്കേ ഷൻ, തീയതി 17-06-2005 പ്രകാരം പുനർനിയമനത്തിനുള്ള മുൻഗണനാ ക്രമം പ്രതിപാദിക്കുന്ന കെ.ഇ.ആർ അദ്ധ്യായം 14(എ) ചട്ടം 51 (എ)-യ്ക്ക് വരുത്തിയ ഭേദഗതിയനുസരിച്ച് തുടർന്നുവരുന്ന എയ്ഡഡ് സ്കൂൾ നിയ മനത്തിന് അതേ കാറ്റഗിയിലോ ലോവർ കാറ്റഗറിയിലോ ഹയർ കാറ്റഗറി യിലോ ഉണ്ടാകുന്ന നിയമനത്തിന് 51 (എ) അവകാശികളെ നിയമിക്കണ മെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിർഭാഗ്യവശാൽ, 51 (എ) അവകാശി അദ്ധ്യാപകർക്ക് സ്കൂളുകൾ അനാഥമാകുന്ന അവസ്ഥയുണ്ടാ യി. 62 ദിവസം മുതൽ 20 വർഷം വരെ ജോലി ചെയ്തിരുന്ന ഇവർ ലീവ് വേക്കൻസിയെന്ന ഒറ്റകാരണത്താൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെ ടാത്ത ദയനീയമായ അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. ഇതിന് പരിഹാര

മായി 51(എ) അവകാശികളെക്കൂടി ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.ോകെ. അബ്ദു റബ്ബ്): സർ, വിവിധ കാരണങ്ങളാൽ ശമ്പളം ലഭിക്കാതെ ദീർഘകാലം ജോലി ചെയ്തുവരുന്ന അദ്ധ്യാപകരെ വ്യവസ്ഥകൾക്ക് വിധേയമായി 01/06/2011 മുതൽ അംഗീകാരം നൽകുന്നതിനും എയ്ഡഡ് സ്കൂൾ മേഖലയിൽ ശാസ്ത്രീയ നിയമന രീതി നടപ്പിൽവരുത്തുന്നതിനും അദ്ധ്യാപക/വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയത്. 1997 ജൂലൈ 14-നുമുമ്പ് റഗുലർ തസ്തികയിൽ പ്രവേശിച്ച് തസ്തിക നഷ്ടപ്പെട്ട പ്രൊട്ടക്റ്റഡ് അദ്ധ്യാപകരേയും പ്രൊട്ടക്ഷന് അർഹതയില്ലാത്ത റിട്രൻജ്ഡ് അദ്ധ്യാപകരേയും ചേർത്ത് ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നതിനും ഇത് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള വിദ്യാഭ്യാസ ചട്ടപ്രകാരം നിശ്ചിത ദൈർഘ്യമുള്ള തസ്തികകളിൽ നിയമിക്കപ്പെട്ട് അംഗീകാരം ലഭിക്കുന്ന എല്ലാ അദ്ധ്യാപകർക്കും ചട്ടം 51 (എ) പ്രകാരമുള്ള പുനർനിയമനത്തിന് അവകാശമുണ്ട്. ഇപ്രകാരം അവധിയൊഴിവിൽ നിയമിക്കപ്പെട്ട് ചട്ടം 51 (എ) അവകാശം നേടിയിട്ടുള്ള പതിനായിക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ട്. അവരെ പാക്കേജിലുൾപ്പെടുത്തുവാൻ കഴിയുകയില്ല. പാക്കേജിന്റെ ഭാഗമായി ഓരോ സ്കൂളിലും തയ്യാറാക്കുന്ന സ്കൂൾതല സീനിയോറിറ്റി ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തുന്നതും അദ്ധ്യാപക/വിദ്യാർത്ഥി അനുപാതം കുറയ്ക്കുമ്പോൾ അവരുടെ സ്കൂളുകളിൽ പുതിയതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ ഈ ലിസ്റ്റിലെ മുൻഗണനപ്രകാരം ഇവർക്ക് നിയമനം സാധ്യമാകുന്നതുമാണ്. ഈ സാഹചര്യത്തിൽ ഓരോ സ്കൂളിലുമുള്ള 51 (എ) അവകാശികളെ

പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നത് നിയമപരമല്ലാത്തതും അതിനാൽതന്നെ പ്രായോഗികമല്ലാത്തതുമാണ്.

**പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം**

ശ്രീ. എം. ഉമ്മർ: സർ, പാസ്പോർട്ട് ആപ്ലിക്കേഷന്റെ വെരിഫിക്കേഷനിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വിവാഹിതരായ പെൺകുട്ടികൾ, പ്രത്യേകിച്ച് മുസ്ലീം പെൺകുട്ടികൾ വിവാഹശേഷവും തുടർപഠനത്തിനും മറ്റും മാതാപിതാക്കളുടെ വസതിയിൽത്തന്നെ താമസിക്കുന്ന പതിവുണ്ട്. എന്നാൽ പാസ്പോർട്ടിനായുള്ള പോലീസ് വെരിഫിക്കേഷന്റെ അന്വേഷണ ഉദ്യോഗസ്ഥർ പെൺകുട്ടികളുടെ താമസ സ്ഥലം ഭർത്താവിന്റെ വീട്ടിൽ അല്ലാത്തതിന്റെപേരിൽ അപേക്ഷകരെ ബുദ്ധിമുട്ടിക്കുകയും അപേക്ഷകൾ റെക്കമന്റ് ചെയ്യാതെ ക്ലോസ് ചെയ്യുകയും ചെയ്യുന്നുണ്ട്. മലപ്പുറം പാസ്പോർട്ട് ഓഫീസിൽ ഒരു ദിവസം എണ്ണൂറിലധികം അപേക്ഷകളാണ് ആവറേജ് സ്വീകരിക്കപ്പെടുന്നത്. ഇരുന്നൂറോളം അപേക്ഷകൾ പാലക്കാട് ജില്ലയിൽ നിന്നും അറുന്നൂറോളം അപേക്ഷകൾ മലപ്പുറം ജില്ലയിൽ നിന്നുമാണ് വരുന്നത്. ഇതിൽ 75 ശതമാനം അപേക്ഷകളും പോലീസ് വെരിഫിക്കേഷൻ ആവശ്യമുള്ളതാണ്. വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും റിപ്പോർട്ട് സഹിതം നിരവധി അപേക്ഷകൾ എസ്.പി. ഓഫീസിൽ എത്തുന്നുണ്ടെങ്കിലും 200 അപേക്ഷകൾ മാത്രമേ അപ്ലോഡ് ചെയ്യാൻ കഴിയുന്നുള്ളൂ. വേണ്ടത്ര കമ്പ്യൂട്ടറുകളോ ജീവനക്കാരോ ഇല്ലാത്തതുകാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് പാസ്പോർട്ട് വെരിഫിക്കേഷന്റെ കാര്യത്തിൽ വിവാഹിതരായ പെൺകുട്ടികൾ ഭർത്താവിന്റെയോ മാതാപിതാക്കളുടെയോ വീട്ടിൽ താമസിച്ചാലും വസ്തുതകൾ ശരിയാണെങ്കിൽ വെരിഫിക്കേഷൻ റെക്കമന്റ് ചെയ്തുനൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പുതുതായി ആരംഭിച്ചിട്ടുള്ള പാസ്പോർട്ട് സേവാ കേന്ദ്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകളെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിനുവേണ്ടി അയച്ചുകിട്ടിയിട്ടുള്ളതിൽ അപേക്ഷകൻ ജനിച്ച കാലം മുതൽ അപേക്ഷ നൽകുന്ന കാലയളവുവരെ താമസിച്ചുവരുന്ന കാലയളവും പ്രസ്തുത വിലാസത്തിലും രേഖപ്പെടുത്തുന്നതിനായി പ്രത്യേകം കോളങ്ങൾ നിലവിലുണ്ട്. എന്നാൽ ചില അപേക്ഷകളിൽ സ്ഥിര മേൽവിലാസത്തിൽ നിന്നും മറ്റൊരു മേൽവിലാസത്തിലേയ്ക്ക് താമസം മാറിയ വിവരം അപേക്ഷയിൽ കാണിക്കാതെ മറച്ചുവച്ച് സ്ഥിരമായ മേൽവിലാസവും നിലവിലുള്ള മേൽവിലാസവും ഒന്നുതന്നെയെന്ന് തെറ്റായി കാണിച്ച് അപേക്ഷ നൽകുന്നുണ്ട്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം നേറ്റിവിറ്റി സർട്ടിഫിക്കറ്റാണ്. ജനിച്ച വീട്, വിവാഹം കഴിച്ചയച്ച വീട് - ഈ രണ്ട് വീടുകളിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് യഥാർത്ഥത്തിൽ നിയമപരമായി അവകാശമുണ്ട്. പക്ഷേ ഇവിടെ കാലാകാലമായി അനുവർത്തിച്ചുവരുന്ന ചില നടപടിക്രമങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവതരമായി പരിഗണിക്കുന്നതാണ്. അതിനുശേഷം ആ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫയർ സ്റ്റേഷൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 1999 ഒക്ടോബർ 31-ന് ഒരു ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. 70 വർഷത്തിലധികം പഴക്കമുള്ള ചോർന്നൊലിക്കുന്നതും തകർന്ന് വീഴാറായതുമായ കെട്ടിട ത്തിലാണ് 13 വർഷമായി ഈ സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത്. ഇതുവരെ സ്റ്റേഷനാവശ്യമായ പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല. ഇവിടെ 40 ജീവനക്കാ രുണ്ട്, 24 മണിക്കൂറും പ്രവർത്തിക്കേണ്ട സ്ഥാപനമാണ്, പ്രാഥമിക കൃത്യനിർവ്വഹണം നടത്താൻപോലും വേണ്ടത്ര സൗകര്യമില്ല. ഒരു ടോയ്‌ലറ്റ് മാത്രമാണ് ഇവിടെയുള്ളത്. വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യമില്ല. മഴയും വെയിലുമേറ്റ് വാഹനങ്ങൾ നശിച്ചുകൊണ്ടി രിക്കുന്നു. ഈ ഫയർ സ്റ്റേഷന്റെ പ്രവർത്തനമേഖല വളരെ വലുതാണ്. കിഴക്കേ മലയോരത്തേയ്ക്ക് 55 കിലോമീറ്ററും വടക്കോട്ട് 18 കിലോമീ റ്ററും തെക്കോട്ട് 15 കിലോമീറ്ററും വാഹനത്തിന് ഓടേണ്ടിവരും. കിണർ അപകടങ്ങൾ കൂടുതലുണ്ടാകുന്ന ഈ ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തി നായി ആമ്പുലൻസും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഇവിടെ ഫയർ സ്റ്റേഷന് കെട്ടിടമില്ല. ഒരു പുതിയ കെട്ടിടത്തിനുവേണ്ടിയു ള്ള അപേക്ഷ നിലവിലിരിക്കുകയാണ്. 26/09/2011-ലെ എന്റെ ചോദ്യ ത്തിന് നൽകിയ മറുപടിയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് അധികൃതർ തയ്യാറാക്കി നൽകിയിരിക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണെന്നാണ് മറുപടി നൽകിയത്. എന്നാൽ 04/07/2012-ൽ നൽകിയ മറുപടിയിൽ കെട്ടിടനിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പി.ഡബ്ല്യൂ.ഡി. വകു പ്പിനോട് അഭ്യർത്ഥിച്ചിരിക്കുന്നുവെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

ആരംഭിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ അവ്യക്തമായ നിലപാട് മാറ്റാനും അടിയന്തരമായി കാഞ്ഞങ്ങാട് ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം നിർമ്മിക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന അഭ്യർത്ഥന യാണ് എനിക്കുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇക്കാര്യത്തിലേയ്ക്കായി പി.ഡബ്ല്യൂ.ഡി. ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിൽ രണ്ടര കോടി രൂപയാണ് കാണിച്ചിട്ടുള്ളത്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ട്. അതിനായി കാഞ്ഞങ്ങാട് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കിയാൽ ഉടൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെട്ടിടനിർമ്മാണത്തിനുള്ള മറ്റ് തുടർനടപടി കൾ സ്വീകരിക്കുന്നതുമാണ്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ കാഞ്ഞങ്ങാട് ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ കെട്ടിടനിർമ്മാണത്തിനായി 1,06,000 രൂപ വകയിരുത്തിയിട്ടുണ്ട്.

## കുടിവെള്ള പദ്ധതി

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മംഗലം ഡാം ജലസ്രോതസ്സാക്കി അന്നത്തെ ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകൾക്കായി ഒരു കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്തത് 2007-ൽ ആണ്. തുടർന്ന് കേരള വാട്ടർ അതോറിറ്റി 2008-ൽ ഒരു പദ്ധതി രൂപകൽപ്പന ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാരുടെയും ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും ഒരു സംയുക്ത യോഗം അന്നത്തെ ജലവിഭവ വകുപ്പു മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ 16/08/2008-ലും 15/07/2010-ലും വിളിച്ചുചേർക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിന്റേയും വാട്ടർ അതോറിറ്റി വകുപ്പിന്റേയും ഉദ്യോഗസ്ഥന്മാർ സംയുക്തമായി സ്ഥലം സന്ദർശിക്കുകയും ചെക്ക് ഡാം കെട്ടി ഈ പദ്ധതി നടപ്പിലാക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതൊക്കെയായിട്ടും ജലസേചന വകുപ്പ് ചീഫ് എൻജിനീയറിൽ നിന്നും അംഗീകാരം ലഭിക്കാത്തതു കൊണ്ട് പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അങ്ങ് അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് ഈ പദ്ധതി ഉടനെ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, മംഗലം ഡാം സ്രോതസ്സായി വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്രോതസ്സും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനായി മംഗലം ഡാമും പരിസരവും 03/11/2011-ൽ ഇറിഗേഷൻ

വകുപ്പും വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷനും സംയുക്തമായി ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മംഗലം ഡാമിനുസമീപം 250 മീറ്റർ താഴെ ഒരു ചെക്ക് ഡാം പണിത് വെള ളമെടുക്കുന്നതിനുള്ള പുതിയ നിർദ്ദേശം ജല അതോറിറ്റിയുടേയും ഇറി ഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടി യന്തര നടപടി സ്വീകരിക്കുന്നതാണ്.

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത് : സർ, ജലവിഭവ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും 10 വർഷം മുതൽ 30 വർഷം വരെ താൽക്കാലികമായി എച്ച്.ആർ./സി.എൽ.ആർ. തസ്തികയിൽ ജോലിചെയ്തുവരുന്ന ജീവനക്കാർക്ക് ഒറ്റ സീനിയോറിട്ടി ലിസ്റ്റായിരുന്നു നിലവിലുണ്ടായിരുന്നത്. ഇത് വിഭജിച്ച് പൊതുമരാമത്ത് വകുപ്പിനും ജലവിഭവ വകുപ്പിനും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുണ്ടാക്കുകയും ആറ് മാസം മുമ്പ് പൊതുമരാമത്ത് വകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ. വിഭാഗം താൽക്കാലിക ജീവനക്കാരെ ഈ സർക്കാർ നയമനുസരിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്തു. എന്നാൽ ജലവിഭവ വകുപ്പിൽ ജോലി ചെയ്യുന്ന എച്ച്.ആർ./സി.എൽ.ആർ. വിഭാഗം താൽക്കാലിക ജീവനക്കാരെ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഇവരിൽ ഭൂരിഭാഗവും 50 വയസ്സിന് മുകളിൽ പ്രായമുള്ളവരും മറ്റ് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയിലുള്ളവരും തുച്ഛമായ വേതനംപറ്റി ജോലി ചെയ്യുന്നവരുമാണ്. പൊതുമരാമത്ത് ജീവനക്കാരെ പോലെതന്നെ ഇവരെയും സ്ഥിരപ്പെടുത്തുവാനുള്ള അവകാശമുണ്ട്. ഓരോ ഗവൺമെന്റ് വരുമ്പോഴും ഈ തൊഴിലാളികൾ മന്ത്രി ഓഫീസുകളിലും സെക്രട്ടേറിയറ്റിലും കയറിനടക്കുന്നതല്ലാതെ ശാശ്വതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റെങ്കിലും ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പത്ത് വർഷത്തിലധികം സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള സർക്കാർ നയമനുസരിച്ച് ജലവിഭവ വകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ. വിഭാഗം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ജലവിഭവ വകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരിൽ സ്ഥിരപ്പെടുത്തലിന് അർഹരായവരുടെ ലിസ്റ്റ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരികയാണ്. ഇവരെ സ്ഥിരപ്പെടുത്തണമെന്നു തന്നെയാണ് ജലവിഭവ വകുപ്പിന്റെ അഭിപ്രായം. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്. ഏറെ താമസിക്കാതെ തീരുമാനിക്കുന്നതാണ്.

## തിരുവല്ല ബൈപ്പാസ്

ശ്രീ. മാത്യു റ്റി. തോമസ് : സർ, രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു നഗരമാണ് തിരുവല്ല പട്ടണം. അവിടെ ഒരു ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. 1996-ൽ എം.എൽ.എ. ആയിരുന്ന മാമൻ മത്തായിയുടെ നേതൃത്വത്തിൽ അലൈൻമെന്റെല്ലാം ഫൈനലൈസ് ചെയ്തുവെങ്കിലും അധികം നടപടികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-2012-ലെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണി സാർ ഒരു കോടി രൂപ തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണത്തിനുവേണ്ടി അനുവദിച്ചു. പക്ഷേ ആ ബൈപ്പാസ് നിർമ്മാണവുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24.10.2011-ൽ അദ്ദേഹത്തിന്റെ ചേംബറിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുകയുണ്ടായി. സ്ഥലമെടുക്കുന്നതിനെ സംബന്ധിച്ച് സ്റ്റേ ഉത്തരവുകൾ ഉണ്ടായിരുന്നു. ആ യോഗത്തിലേയ്ക്ക് കടന്നുവന്ന അഡ്വക്കേറ്റ് ജനറൽ രണ്ടാഴ്ചയ്ക്കകം സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിക്കുകയുണ്ടായി. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികളുടെ പണം ലഭിക്കുന്നതിനുമുമ്പുതന്നെ പദ്ധതി 2012 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ആരംഭിക്കാൻ കഴിയുമെന്നും 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ ലോകബാങ്ക് ഫണ്ട് ലഭിക്കുന്നതനുസരിച്ച് ബില്ലുകൾ മാറി നൽകാൻ കഴിയുമെന്നും അന്നത്തെ യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. ആ ദിവസങ്ങളൊക്കെ കഴിഞ്ഞിട്ടും മുന്നോട്ടുപോകാൻ ആകുന്നില്ല. ആ യോഗ തീരുമാനങ്ങളെടുത്തതിനുശേഷം ഗതാഗതക്കുരുക്ക് വീണ്ടും വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് പദ്ധതിക്ക് ആവശ്യമായ സ്ഥലം ഉടനടി എടുക്കുവാൻ റവന്യൂ അധികാരികൾ തയ്യാറാകണം. സ്ഥലമേറ്റെടുക്കുന്നതോടൊപ്പംതന്നെ ടെണ്ടർ നടപടികൾ

നടത്തി കെ.എസ്.ടി.പി. മുഖേനയോ അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. മുഖേനയോ അടിയന്തരമായി തിരുവല്ല ബൈപ്പാസ് നിർമ്മിക്കുവാനുള്ള നടപടികൾ പൊതുമരാമത്ത് സ്വീകരിക്കണം. അതിനാവശ്യമായ പണം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചുതന്നുകൊണ്ട് ആ പ്രദേശത്തെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ, തിരുവല്ല നഗരത്തിൽ രൂക്ഷമായി അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് 2.3 കി.മീ. ദൈർഘ്യത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ ബൈപ്പാസിന്റെ മുഴുവങ്ങാടി തോടിന് കുറുകെ ഒരു പാലവും വൈ.എം.സി.എ. ജംഗ്ഷനിൽ ടി.കെ.എം. റോഡിന് മുകളിലായി ഒരു ഫ്ളൈഓവറും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഫ്ളൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ സ്ഥലമെടുപ്പിനെതിരെ ഹൈക്കോടതിയിൽ നിന്നും ഒരു സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുള്ളതാണ്. കേസിന്റെ പോസ്റ്റിംഗ് വേഗം നടത്തിക്കിട്ടാൻ അപേക്ഷ നൽകിയിട്ടുണ്ട്. ഈ ബൈപ്പാസിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. ഡി.എൻ.പി.സി. നിശ്ചയിച്ച വില ഫെയർവാല്യുവിനെക്കാൾ കുറവായതുകൊണ്ട് രജിസ്ട്രേഷൻ നടപടി നടന്നിട്ടില്ല. 10.7.2012-ലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി നടത്തിയ മീറ്റിംഗിൽ രജിസ്ട്രേഷൻ നടപടികൾ ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള തീരുമാനമെടുക്കാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതനുസരിച്ച് തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഒക്ടോബറിൽ ടെണ്ടർ നടപടികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കരമന - കളിയിക്കാവിള റോഡ്

ശ്രീ. ആർ. സെൽവരാജ് : സർ, ദേശീയപാത 47-ലൂടെ കളിയിക്കാവിളയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്ന യാത്ര അനുദിനം ദുരിതപൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ പെരുപ്പവും യാത്രക്കാരുടെ വർദ്ധനവും കാരണം ഗതാഗതക്കുരുക്ക് വർദ്ധിക്കുന്നു. വാഹനാപകടങ്ങളിൽ നിത്യേന നിരവധിപ്പേർ മരണപ്പെടുന്നു. ഗതാഗതക്കുരുക്കും യാത്രാക്ലേശവും പരിഹരിക്കുന്നതിന് റോഡിന്റെ വീതി കൂട്ടുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. ഈ റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയൊന്നും പ്രാവർത്തികമാകുന്നില്ല. കാലതാമസം ഒഴിവാക്കി സ്ഥലമെടുപ്പടക്കമുള്ള നടപടികൾ പെട്ടെന്ന് പൂർത്തിയാക്കി കളിയിക്കാവിള മുതൽ കരമന വരെയുള്ള ഭാഗം, ദേശീയപാത 47-ന്റെ വീതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, കരമന-കളിയിക്കാവിള ദേശീയപാത നാലുവരി പാതയാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കരമന മുതൽ വഴിമുക്കുവരെയുള്ള 12 കിലോമീറ്റർ ഭാഗത്തിന്റെ അലൈൻമെന്റ് കഴിഞ്ഞ സർക്കാർ തയ്യാറാക്കി ആ ഭാഗത്ത് കല്ലിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച് വ്യാപകമായ പരാതികളും പ്രതിഷേധങ്ങളും കോടതി കേസുകളും നിലവിൽവന്നു. അതോടൊപ്പംതന്നെ എത്രയുംവേഗം ദേശീയപാത വികസനം സാധ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണങ്ങളും നടന്നിരുന്നു. ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം ഭൂമിയേറ്റെടുക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ച് എത്രയുംവേഗം ദേശീയപാത വികസനം പ്രാവർത്തികമാക്കാനുള്ള

നടപടികളാണ് കൈക്കൊണ്ടത്. ഇതിന്റെ ഭാഗമായി 3.10.2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കരമന-കളിയിക്കാവിള റോഡ് കടന്നുപോകുന്ന പ്രദേശത്തെ ജനപ്രതിനിധികളെയും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളെയും സമരസമിതി നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച നടത്തി പരിഹാരം കണ്ടെത്തുകയും ദേശീയപാത വികസനവുമായി മുന്നോട്ടുപോകുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു. തുടർന്ന് 4.1.2012-ൽ നടന്ന യോഗത്തിൽ ഭേദഗതി വരുത്തിയ അലൈൻമെന്റ് അവതരിപ്പിക്കുകയും ചർച്ചകൾക്ക് ശേഷം അത് അംഗീകരിക്കുകയും 23.3.2012-ൽ സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തു. തത്ഫലമായി നേരത്തെ വിട്ടുപോയിരുന്ന ചില സർവ്വേ നമ്പറുകൾ കൂടി ഉൾപ്പെടുത്തി പുതിയ സർക്കാർ ഉത്തരവും 4(1) നോട്ടിഫിക്കേഷനും ഉടനെ പുറപ്പെടുവിക്കുന്നതാണ്. 16.7.2012-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹൈലെവൽ കമ്മിറ്റി ഭൂമിയേറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നേരത്തെ കല്ലിട്ട ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ അധികാരികളുമായി ചേർന്ന് ഇപ്പോൾ സംയുക്ത പരിശോധന നടത്തിവരികയാണ്.

## പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി

ശ്രീ. കെ. മുരളീധരൻ : സർ, തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ മലയോര മേഖലയിലും തലസ്ഥാന നഗരപ്രാന്തങ്ങളിലും താമസിക്കുന്ന സാധാരണക്കാരായ ലക്ഷക്കണക്കിന് ജനങ്ങൾ രോഗചികിത്സാ രംഗത്ത് അത്താണിയായി കാണുന്ന ഒരു പ്രമുഖ സർക്കാർ ചികിത്സാ കേന്ദ്രമാണ് തിരുവനന്തപുരത്ത് പേരൂർക്കടയിലുള്ള മോഡൽ ജില്ലാ ആശുപത്രി. ഈ ആശുപത്രിയുടെ പ്രവർത്തനനിലവാരത്തകർച്ച ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. അടുത്തകാലത്ത് അടിയന്തര ചികിത്സ ലഭിക്കാതെ പനി ബാധിച്ചെത്തിയ ഒരു കുഞ്ഞ് ഇവിടെ മരിക്കാൻ ഇടയായത് വൻ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. ഇത്തരം സംഭവങ്ങളെത്തുടർന്ന് ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ഉൾപ്പെടെയുള്ളവർ അധികൃതരുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഇതുവരെ മെച്ചപ്പെട്ടിട്ടില്ലായെന്ന് തെളിയിക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ബുധനാഴ്ച, 18.7.2012-ൽ ഇവിടെ ഒ.പി.-യിൽ 9 മണിയായിട്ടും ഡോക്ടർമാരെത്തിയിരുന്നില്ല. ഇത് പൊതുജനത്തിന്റെ വൻ പ്രതിഷേധത്തിനും പത്രവാർത്തകൾക്കും ഇടയാക്കിയിട്ടുണ്ട്. ജില്ലാ മോഡൽ ആശുപത്രിയെന്നുള്ള നിലയിൽ മേൽനോട്ട ചുമതല നിർവ്വഹിക്കുന്ന തിരുവനന്തപുരം കോർപ്പറേഷനും ഭരണച്ചുമതല നിർവ്വഹിക്കുന്ന ആശുപത്രി സൂപ്രണ്ടും ഇത്തരം വീഴ്ചകൾക്ക് മറുപടി പറയേണ്ടിയിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ഗൗരവപൂർവ്വം വീക്ഷിച്ചുകൊണ്ട് പേരൂർക്കട മോഡൽ ആശുപത്രി ഒരു ജില്ലാ ആശുപത്രിയായി അംഗീകരിച്ച് സർക്കാർതന്നെ ഇതിന്റെ മേൽനോട്ട ചുമതല വഹിക്കണമെന്നും ആശുപത്രി ഭരണവും പ്രവർത്തനവും മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഇവിടെ നിർമ്മാണത്തിലിരിക്കുന്ന പുതിയ ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ചു

കൊണ്ട് ഈ കെട്ടിടം ആറ് നിലയുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കായി വികസിപ്പിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടികപ്രകാരം ജില്ലാ ആശുപത്രികളുടെ ഭരണ നിയന്ത്രണം അതാത് ജില്ലാ പഞ്ചായത്തുകൾക്കായതിനാൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശപ്രകാരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയെ തിരുവനന്തപുരം കോർപ്പറേഷന്റെ ഭരണനിയന്ത്രണത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിലാക്കി 13/7/2012-ൽ ഉത്തരവായിട്ടുണ്ട്. ഈ ആശുപത്രിയിൽ 35 ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 7 ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. പനി ബാധിച്ച് 13/6/2012-ൽ മൂന്നു വയസ്സ് പ്രായമുള്ള ആതിര എന്നു പറയുന്ന കുട്ടിയെ ഇവിടെ ചികിത്സയ്ക്കായി കൊണ്ടുവന്നിരുന്നു. കുട്ടിക്ക് പനിക്കുള്ള കുത്തിവയ്പ് നൽകി നിരീക്ഷണത്തിലാക്കി കുറച്ചുസമയം കഴിഞ്ഞപ്പോൾ ജന്നി വരികയും അതിനുള്ള അടിയന്തിര ചികിത്സ നൽകുകയും ചെയ്തു. തുടർന്ന് എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി. അപ്പോഴേയ്ക്കും കുട്ടി മരിച്ചു. ഇതുസംബന്ധിച്ച പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭ്യമായിട്ടില്ല. പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭ്യമായാൽ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. 18/7/2012-ൽ കർക്കിടക വാവിനോടനുബന്ധിച്ച് ഈ ആശുപത്രിയിലെ കുറേ ഡോക്ടർമാർ അവധിയിലായിരുന്നു. പതിവുപോലെ രാവിലെ എട്ടിനുതന്നെ ഒ.പി. പ്രവർത്തനമാരംഭിച്ചിരുന്നു എന്നാണ് സൂപ്രണ്ട് നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഒ.പി.-യിലെ തിരക്കു കുറഞ്ഞപ്പോൾ ഡോക്ടർമാർ വാർഡിലെ രോഗി

കളെ പരിശോധിക്കാൻ പോയ സമയത്ത് മെഡിക്കൽ ഒ.പി.-യിലെത്തിയ ഒരു രോഗി ഡോക്ടറെ അന്വേഷിച്ചുനിന്ന സമയത്ത് ഈ രോഗിയോട് ഒ. പി.യിലുള്ള മറ്റേതെങ്കിലും ഡോക്ടറെ കാണുവാൻ ആശുപത്രി ജീവനക്കാർ നിർദ്ദേശിച്ചുവെങ്കിലും രോഗി തയ്യാറായില്ല. ഈ സംഭവമാണ് പ്രതിഷേധത്തിന് കാരണമായത്. ഉടൻതന്നെ ബന്ധപ്പെട്ട ഡോക്ടർ തിരിച്ചെത്തി പ്രശ്നം പരിഹരിച്ചു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെ പൂർണ്ണമായും റഫറൽ ആശുപത്രിയാക്കുന്നതിന്റെ ഭാഗമായി സമീപത്തുള്ള പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പേരൂർക്കട മോഡൽ ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്.

## സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്ത് സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണരംഗത്ത് തട്ടിപ്പും മാഫിയാവൽക്കരണവും നിമിത്തം രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മരുന്നുകളെപ്പോലെത്തന്നെ ശസ്ത്രക്രിയകളും ചികിത്സാമാർഗ്ഗമാണ്. ചെറുതും വലുതുമായ പതിനായിരക്കണക്കിന് സർജറികൾ അനുദിനം കേരളത്തിലെ ആശുപത്രികളിൽ നടന്നുവരുന്നുണ്ട്. ഇത്തരം ശസ്ത്രക്രിയകളിലൂടെ ശരീരത്തിനുള്ളിൽ ഘടിപ്പിക്കുന്ന സാധനങ്ങളെയാണ് ഇംപ്ലാന്റുകൾ എന്നു പറയുന്നത്. ഓർത്തോപീഡിക്സ്, ജനറൽ സർജറി, ന്യൂറോളജി, മാക്സിലോ ഫേഷ്യൽ സർജറി, കാർഡിയോ വാസ്കുലാർ സർജറി എന്നീ വിഭാഗങ്ങളിലെല്ലാം ശസ്ത്രക്രിയാനന്തരം ഇംപ്ലാന്റുകളും അനുബന്ധസാധനങ്ങളും ശരീരത്തിൽ പിടിപ്പിക്കുന്നുണ്ട്. സാമാന്യജനത്തിന് പരിചയം കുറവായ ഇംപ്ലാന്റുകളുടെ ലോകത്ത് ഇന്ന് മാഫിയാവൽക്കരണം സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇവയുടെ പിടിയിലായ ചില ഡോക്ടർമാർ രോഗികളുടെ കിടപ്പാടം വിറ്റായാലും ഇംപ്ലാന്റ് കച്ചവടക്കാരോട് കടപ്പാടാക്കി മാറ്റുകയാണ്. ഇത് നിർബന്ധമായും തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. പല സർജിക്കൽ ഇംപ്ലാന്റുകൾക്കും എം.ആർ.പി. ഇല്ല. മരുന്നുകളെപ്പോലെത്തന്നെ രോഗികൾക്ക് ഇംപ്ലാന്റുകളെക്കുറിച്ച് അറിവുമില്ല. ഈ അജ്ഞതയാണ് മാഫിയാസംഘം മുതലെടുക്കുന്നത്. സർജിക്കൽ ഇംപ്ലാന്റുകളുടെ വിപണന കേന്ദ്രങ്ങളിലെ ഏജന്റുമാർ മെഡിക്കൽ കോളേജുകളിലേയും മറ്റ് സർക്കാർ ആശുപത്രികളിലേയും ഓപ്പറേഷൻ തീയറ്റുകളിലും വാർഡുകളിലും കയറിയിറങ്ങി യാതൊരുവിധത്തിലുള്ള നിയന്ത്രണവുമില്ലാതെ ഇത്തരത്തിൽ വില്പന നടത്തുകയാണ്. മിക്കപ്പോഴും ഡോക്ടർമാരും ഇംപ്ലാന്റുകൾ കുറിച്ചുകൊടുക്കുന്നതിനോടൊപ്പം ഏജന്റുമാരുടെ ഫോൺ നമ്പരും

രോഗികൾക്ക് നൽകുകയാണ്; അല്ലെങ്കിൽ ഡോക്ടർമാർതന്നെ ഫോൺ ചെയ്ത് ഇംപ്ലാന്റുകൾ ശരിയാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. അഞ്ചും പത്തും മടങ്ങ് അധികവില നൽകിയാണ് രോഗികൾക്ക് ഇംപ്ലാന്റു കൾ പുറത്തുനിന്നും വാങ്ങേണ്ടിവരുന്നത്. ഈ അധികത്തുകയുടെ കൂടു തൽ പങ്കും കുറിക്കുന്ന ഡോക്ടർമാരാണ് എടുക്കുന്നത്. പ്രൈവറ്റ് സ്ഥാപ നങ്ങൾ നൽകിവരുന്ന ഇംപ്ലാന്റുകളുടെ ഗുണനിലവാരം ഉറപ്പുവരു ത്തുവാൻ ഡോക്ടർമാർക്ക് യാതൊരു താല്പര്യവുമില്ല. നിയമപരമായ അംഗീകാരം നേടാത്ത സ്ഥാപനങ്ങളുടെ ഇംപ്ലാന്റുകൾപോലും മെഡി ക്കൽ കോളേജുകൾ വഴി വിതരണം ചെയ്യുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർതന്നെ മുൻകൈയെടുത്ത് ഇംപ്ലാന്റു കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാൻ തുടങ്ങിയ സംരംഭത്തെ മുളയി ലേ തന്നെ ഡോക്ടർമാരുടെ ലോബിയും പ്രൈവറ്റ് ലോബിയുംകൂടി തകർത്തിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ മുഴുവൻ ശസ്ത്രക്രിയ കൾക്കും ആവശ്യമായ ഇംപ്ലാന്റുകൾ രോഗികൾക്ക് നൽകാൻ ഇവിടെ കഴിയുന്നില്ല. മരുന്നിനേക്കാൾ വലിയ കൊള്ളയാണ് ഇംപ്ലാന്റുകളുടെ കച്ചവടത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ഡോക്ടർമാർക്ക് കിട്ടുന്ന കമ്മീഷനും വലിപ്പമേറുന്നുണ്ട്. ബില്ലുപോലും നൽകാതെ നടത്തുന്ന ഈ ബിസിനസ്സിലൂടെ ലക്ഷങ്ങളാണ് കേരള ത്തിലെ പാവപ്പെട്ട രോഗികളിൽനിന്നും ചൂഷണം ചെയ്യുന്നത്. മരുന്നുമാ ഫിയാപോലെ തന്നെ ഇംപ്ലാന്റുകളുടെ കാര്യത്തിലും വലിയൊരു മാഫിയ ഇന്ന് കേരളത്തിൽ പ്രവർത്തിച്ചുവരികയാണ്. അത് നിർബന്ധമായും തട യണം. സർജറിക്കുശേഷമുള്ള ഇത്തരം ഇംപ്ലാന്റുകൾ മെഡിക്കൽ കോളേ ജുകളിലും സർക്കാർ ആശുപത്രികളിലും സർക്കാർതന്നെ കൊടുക്കുന്നതി നുവേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മേജർ ഓപ്പറേഷനുകൾ നടത്തുന്ന താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ സർജിക്കൽ ഇംപ്ലാന്റുകൾ ഉപയോഗിക്കുന്നുണ്ട്. സർജിക്കൽ ഇംപ്ലാന്റുകൾ ആശുപത്രികൾക്ക് സർക്കാർ സൗജന്യമായി ഇപ്പോൾ നൽകുന്നില്ല. പല കമ്പനികളും പല വിലയ്ക്കാണ് ഇംപ്ലാന്റുകൾ നൽകുന്നത്. സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണത്തിൽ തട്ടിപ്പുകൾ നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഭാരത സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയറിന്റെ ആഭിമുഖ്യത്തിൽ സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണത്തിനായി ഒരു ന്യായവില ഷോപ്പ് ആരംഭിച്ചിട്ടുണ്ട്. സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണത്തിലുള്ള ചൂഷണം ഒഴിവാക്കുന്നതിന് കാരുണ്യാ മെഡിക്കൽ സെന്റർ വഴിയും പേയിംഗ് കൗണ്ടർ വഴിയും ഇവ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇവയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം പ്രാവർത്തികമാക്കിക്കൊണ്ട് രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾക്കും ചൂഷണങ്ങൾക്കും ശാശ്വതപരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കി അവരെ സഹായിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വകാര്യ കമ്പനികളെ സഹായിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരെ കർശനമായി നിയന്ത്രിക്കുവാനും നടപടികൾ സ്വീകരിക്കുന്നതാണ്.

## ബി.എസ്.സി., എം.എൽ.ടി. കോഴ്സിന് അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആരോഗ്യമേഖലയിൽ ആശുപത്രികളുടെ സേവനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രോഗനിർണ്ണയം നടത്തുക എന്നത്. അതിനാവശ്യമായ മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് മാതൃകാപരമായി പ്രവർത്തിക്കുന്നത്. മലബാറിൽ, അത്തരത്തിലുള്ള സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്താണ് 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള ഒരു കോഴ്സ് ആരംഭിച്ചത്. മലബാർ മേഖലയിൽ എസ്.എസ്.എൽ.സി./പ്ലസ്ടൂ പാസ്സായ വിദ്യാർത്ഥികളെ സാധാരണക്കാരായ രക്ഷിതാക്കൾ 19000 രൂപ വരെ ഫീസുകൊടുത്താണ് അവിടെ പഠിപ്പിക്കുന്നത്. എന്നാൽ അവരെ പഠിപ്പിക്കുന്നതിനോ വ്യവസ്ഥാപിതമായ രീതിയിൽ പരിശീലനം നൽകുന്നതിനോ ആവശ്യമായ അദ്ധ്യാപകരോ ടെക്നീഷ്യൻമാരോ പഠിപ്പിക്കാനുള്ള ക്ലാസ്റൂമോ ലബോറട്ടറിയോ ഇല്ല എന്നുള്ളതാണ് വാസ്തവം. എം.ബി.ബി.എസ്. കോഴ്സ് പഠിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്ന ക്ലാസ്സ്റൂമും ലബോറട്ടറിയും ഇപ്പോൾ താൽക്കാലികമായി ഉപയോഗിക്കുകയാണ്. അത്തരമൊരു താൽക്കാലിക സംവിധാനത്തിലാണ് രോഗനിർണ്ണയത്തിൽ സുപ്രധാന പങ്ക് നിർവ്വഹിക്കുന്ന മെഡിക്കൽ ലബോറട്ടറി കോഴ്സുകൾ ഇപ്പോൾ നടന്നുവരുന്നത്. ഈയൊരു ദുരവസ്ഥ അവസാനിപ്പിക്കുന്നതിനും ആ സ്ഥാപനത്തെ മാതൃകാപരവും കുറ്റമറ്റതുമാക്കി മാറ്റുന്നതിനുമാവശ്യമായ, ഡോക്ടർമാരെയും അദ്ധ്യാപകരെയും പരിശീലകരെയും അതുപോലെ ലബോറട്ടറി, ക്ലാസ്റൂം തുടങ്ങിയ മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തി മലബാറിൽ പ്രവർത്തിക്കുന്ന, സാധാരണക്കാരന്റെ ഏക ആശ്രയകേന്ദ്രമായ കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.എൽ.ടി. കോഴ്സ് ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 24 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാവുന്ന ബി.എസ്.സി., എം.എൽ. ടി. കോഴ്സ് ആരംഭിക്കണമെന്ന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലിന്, 5/9/2009-ൽ അനുമതി നൽകിയിരുന്നു. 2009–2010 അധ്യയന വർഷം മുതൽ ആരംഭിച്ച പ്രസ്തുത കോഴ്സിന് തുടർന്നുള്ള അധ്യയനവർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതു കൊണ്ടും മെഡിക്കൽ കോളേജിലെ ഇതര പാരാമെഡി ക്കൽ/ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചതും കോഴിക്കോട് മെഡി ക്കൽ കോളേജിലെ എം.ബി.ബി.എസ്. സീറ്റുകൾ 200-ൽ നിന്ന് 250 ആയി വർദ്ധിപ്പിച്ചതും കാരണം ബി.എസ്.സി., എം.എൽ.ടി. കോഴ്സ് നടത്തി പ്പിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. കോഴ്സ് നടത്തുന്നതിനാവശ്യ മായ അദ്ധ്യാപക തസ്തികകൾ ഇല്ലെന്ന വിഷയമാണ് ഇപ്പോൾ സർക്കാ രിന്റെ പരിഗണനയിലുള്ളത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ആവശ്യ പ്പെട്ടിട്ടുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാബ്, ക്ലാസ്സ്മുറി കൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുണ്ടെങ്കിൽ അതി നുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാ ഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമായാൽ അടിയന്തിരമായി ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## എച്ച്1എൻ1 പനിക്കുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. എം. ഹംസ: സർ, എന്റെ മണ്ഡലത്തിൽ ജൂൺ മാസം അവസാനവും ജൂലൈ മാസവുമായി മൂന്നു പേരാണ് എച്ച്1എൻ1 പനി ബാധിച്ച് മരിച്ചത്. 24 വയസ്സ് പ്രായമുള്ള സ്മിത എന്ന യുവതി ആറുമാസം ഗർഭിണിയായിരിക്കുമ്പോഴാണ് എച്ച്1എൻ1 പിടിപെട്ട് മരിച്ചത്. അനിൽകുമാർ എന്നു പറയുന്ന 22 വയസ്സുള്ള ചെറുപ്പക്കാരൻ ജൂലൈ 4-ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽവച്ച് മരണപ്പെട്ടു. കൂടാതെ പ്രസന്ന എന്ന പെൺകുട്ടിയും മരണപ്പെട്ടു. എച്ച്1എൻ1 ബാധിച്ചതിനെത്തുടർന്ന് ഇതിനകം ഒരു ഗർഭിണി ഉൾപ്പെടെ മരണപ്പെട്ടിരിക്കുകയാണ്. ഇത് ജനങ്ങളിൽ വളരെയധികം ഭീതിയുണ്ടാക്കിയിരിക്കുകയാണ്. വായുവിലൂടെയാണ് എച്ച്1എൻ1 പകരുന്നത് എന്നതുകൊണ്ടുതന്നെ വല്ലാത്ത ഭീതിയിലാണ് അവിടത്തെ ജനങ്ങൾ. ജനങ്ങളുടെ ഭീതി അകറ്റുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനും ഇപ്പോൾ മരിച്ചുപോയവരുടെ കുടുംബങ്ങളെ, വളരെ ദരിദ്രരായ അവരുടെ കുടുംബങ്ങലെ സഹായിക്കുന്നതിനുമാവശ്യമായ സാമ്പത്തിക സഹായങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, പനിബാധിച്ചതിനെത്തുടർന്ന് ഗർഭിണിയായ 24 വയസ്സുള്ള സ്മിതയെ ഒറ്റപ്പാലത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ 24-6-2012-ൽ പ്രവേശിപ്പിക്കുകയും 29-6-2012-ന് രോഗിയുടെ അവസ്ഥ വഷളായതിനെത്തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ ചികിത്സയിലിരിക്കെ എച്ച്1 എൻ1 ഇൻഫ്ളുവൻസ, ബ്രോങ്കോ ന്യൂമോണിയ എന്നിവമൂലം കാർഡിയോ റെസ്പറേറ്ററി അറസ്റ്റ് സംഭവിച്ച് 8-7-2012-ന് രാവിലെ മരണപ്പെടുകയും ചെയ്തു. ഈ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനെത്തുടർന്ന്

അമ്പലപ്പാറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഫീൽഡ് വിഭാഗം ജീവന ക്കാർ രോഗിയുടെ വീട്ടിലും പരിസരപ്രദേശങ്ങളിലും എച്ച്1 എൻ1 രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുകയും ആശ, അംഗൻവാടി, ജെ.പി.എച്ച്.എൻ. എന്നിവർ മുഖേന ഗർഭിണികൾ, കുട്ടി കൾ, വൃദ്ധർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെ പ്രത്യേകം നിരീക്ഷിക്കു കയും രോഗവിവരം പ്രത്യേകം രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരി ക്കുകയും ചെയ്തിട്ടുണ്ട്. പനിയും ശരീരവേദനയും നിമിത്തം അനിൽകു മാർ (മടത്തൊടിയിൽ വയ്യാട്ടുകുന്ന്, കോട്ടക്കര, ഒറ്റപ്പാലം) 30–6–2012 -ന് രാവിലെ ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കായി എത്തു കയും രോഗം മൂർച്ഛിച്ചതിനാൽ 3–7–2012–ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. രോഗം ഗുരുതരമായതിനാൽ ഇദ്ദേഹത്തെ തൃശ്ശൂർ മെഡിക്കൽ കേളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 4–7–2012–ന് രാവിലെ 7 മണിയ്ക്ക് മരണമടയുകയും ചെയ്തു. രോഗകാരണം ‘സസ്പെക്ടഡ് ലെപ്റ്റോസ്പൈറോസിസ് വിത്ത് എ.ആർ.ഡി.എസ് ’ എന്ന് സംശയിക്കപ്പെടുന്നു. രോഗവിവരം അറിഞ്ഞതുമുതൽ രോഗിയുടെ വീട്ടിലും പരിസരത്തും ആവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ, പ്രത്യേകിച്ച് ഒറ്റപ്പാലം പ്രദേശത്ത് എച്ച്1 എൻ1 പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി പ്രാഥമിക ആരോ ഗ്യ കേന്ദ്രം ഉൾപ്പെടെ എല്ലാ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലും ആവ ശ്യമായ തോതിൽ ഒസൾട്ടാമിവിർ മരുന്നിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾക്ക് രോഗപ്രതിരോധ ബോധവത്ക്കരണം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന നോഡൽ ഓഫീസ റുടെ നേതൃത്വത്തിൽ പ്രത്യേക സന്ദർശനവും അവലോകനയോഗവും നട ത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്ത നങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി പ്രാദേശിക ജനപ്രതിനിധികൾ,

ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർക്കുന്നതാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുകയുണ്ടായി. മുഖ്യമന്ത്രിയുമായി ആലോചിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണെന്നു കൂടി ഈ അവസരത്തിൽ പറയുകയാണ്.

* * * * * * * * * * * * * * * *